# യുറീക്ക

## ചുവരിൽ വരച്ചവർ

2020 ആഗസ്റ്റ് 16 – സെപ്റ്റംബർ 1
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00



## വരിക്കാരോട്

**കോ**വിഡ് പ്രതിസന്ധിമൂലം വീണ്ടും ഒരു ലക്കംകൂടി മുടങ്ങി. ആഗസ്റ്റ് 16 ലക്കം.
വായനക്കാർക്ക് വരിസംഖ്യാ കാലാവധി തീരുമ്പോൾ
ഒരു ലക്കം കൂടി കൂടുതൽ ലഭിക്കും.




## ജൂലൈ 16
## ഉത്തരവും വിജയികളും

| | | | | | | |
|---|---|---|---|---|---|---|
| | | 1 കൃ | | 2 ഇ | | |
| | ■ | 3 പാ | വാ | ട | ■ | |
| 4 പൂ | 5 മ | ണം | ■ | 6 വം | 7 ശീ | യം |
| | ധു | ■ | ■ | ■ | വോ | |
| 8 ഉ | ര | 9 ഗം | ■ | 10 പൊ | തി | ന |
| | ■ | 11 ഭീ | മ | ൻ | ■ | |
| | | രം | | മ | | |

**മിലിന്ദ് എം.എസ്.,**
5 ാം തരം, ജി.യു.പി.എസ്., നന്ദിപുരം പി.ഒ., തൃശ്ശൂർ

**അശ്വിൻ കെ വരുൺ,**
5 ാം തരം, സെന്റ് മൈക്കിൾസ് ആംഗ്ലോ
ഇന്ത്യൻ എച്ച്.എസ്.എസ്. കണ്ണൂർ – 670 001

**ഗോകുൽ കൃഷ്ണ,**
3 ാം തരം, ഗവ.എൽ.പി.സ്കൂൾ,
ചെറായ പി.ഒ., പാലക്കാട്

**ഫിദൽ,**
5 ാം തരം, അസ്സീസി വിദ്യാനികേതൻ,
എറണാകുളം – 682028

**സുബമെഹർ,**
4 ബി, എ.എൽ.പി.സ്കൂൾ ചെറുവണ്ണൂർ,
ചെറുവണ്ണൂർ പി.ഒ., കോഴിക്കോട്


# യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി
## വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.kssppublications.com എന്ന വെബ്സൈറ്റിൽ നിന്ന്
ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക**– ₹ 300 **ശാസ്ത്രകേരളം**– ₹ 200 **ശാസ്ത്രഗതി**– ₹ 200

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

2020
ആഗസ്റ്റ് 16 – സെപ്റ്റംബർ 1
വാല്യം: 42
ലക്കം: 6, 7

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com





## ലേഖനങ്ങൾ

6. ചുവരിൽ വരച്ചവർ : പി.കെ.സുധി
12. കടിക്കില്ല; കുത്തുകയേ ഉള്ളൂ : വിജയകുമാർ ബ്ലാത്തൂർ
18. ഒരേ തരം ആറ്റങ്ങൾ കൂടിച്ചേരുന്നതെങ്ങനെ? : പുന: ഡോ.സംഗീത ചേനംപുല്ലി

## കവിത

10. നെന്മണിക്കുറുമ്പ് : റഫീക്ക് പൂനത്ത്
15. വിമാനമിറങ്ങുമ്പോൾ : ഇ.ജിനൻ
27. അത്തപ്പൂ : വേങ്ങാട് മുകുന്ദൻ
31. മധുരോത്സവം : സുകേതു
42. പണ്ടാരാണ്ട് പറഞ്ഞിരുന്നു : വിമീഷ് മണിയൂർ




## കഥ

8. കുഞ്ഞൂട്ടന്റെ സ്വപ്നങ്ങൾ : കെ.ടി.ബാബുരാജ്
16. കുറുക്കനും കോഴിയും കളി : സി.എം.മുരളീധരൻ
21. കുറുക്കന്റെ സങ്കടം : പി.വി.സന്തോഷ്
28. മത്തങ്ങ പയറോണ്ടാ ലോലം : ഡോ.ടി.പി.കലാധരൻ

## നോവൽ

32. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ





കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം

## പംക്തികൾ


11. പദപ്രശ്നം
20. യുറീക്കയോട് ചോദിക്കൂ
22. കാഴ്ചപ്പുറം
24. ഞാറ്റടി
34. പീക്കിരി.ഇൻ
40. യു.മെയിൽ
43. ഓരോരോന്നോരോന്ന്


## കവർ

വിമൽ ചന്ദ്രൻ

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ


വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,**
**കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ്
(എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു,
ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ,
ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി,
പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ,
എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

നേരം വെളുത്തുവരുന്നേയുള്ളൂ. കൊച്ചു തുമ്പപ്പൂ ചുറ്റും നോക്കി. ഓണമാവാറായി, മാവേലി വരാറായി എന്നൊക്കെ അവളോട് കൂടെയുള്ള മുതിർന്നവർ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ഇതുവരെ മാവേലിയെ കണ്ടിട്ടില്ല; കാണാൻ എങ്ങിനെയുണ്ടാവും? ഇത്തിരിപ്പോന്ന എന്നെ മാവേലി കാണുമോ? കണ്ടാൽത്തന്നെ എന്നോട് വല്ലതും പറയുമോ? കുഞ്ഞു തുമ്പപ്പൂ ആലോചനയിലായി. പെട്ടെന്ന് ഒരു തുമ്പി പറന്നുവന്ന് വട്ടത്തിൽ ഒന്ന് ചുറ്റി എന്തോ തുമ്പപ്പൂവിന് കൈമാറി. ഞാൻ പോട്ടേ, ഇത്തിരി തിരക്കുണ്ട്. തുമ്പി പറന്നുപോയി.

തുമ്പി ഏൽപ്പിച്ച സാധനം പൂവ് തിരിച്ചും മറിച്ചും നോക്കി.

'പ്രിയപ്പെട്ട എന്റെ തുമ്പപ്പൂവിന്,' ഓ കത്താണ്. ആരാണ് എനിക്ക് കത്തയക്കുന്നത്. തുമ്പ വേഗം തന്നെ കത്തു തുറന്നു.

"ഇങ്ങനെ ഒരു കത്ത് എഴുതേണ്ടി വരുമെന്ന് കരുതിയതല്ല. നിങ്ങളെ എല്ലാവരേയും നേരിൽ വന്നു കാണണമെന്നു തന്നെയാണ് എന്റെ ആഗ്രഹം. പക്ഷേ, കാര്യങ്ങൾ അത്ര പന്തിയല്ല എന്ന് നിങ്ങൾക്കും അറിവുള്ളതാണല്ലോ. കൊറോണ വൈറസ്സിന്റെ വ്യാപനം മൂലം ഭൂമിയിലെ മനുഷ്യരെല്ലാം ദുരിതമനുഭവിക്കുകയാണ്. ഇത് എത്രനാൾ നീണ്ടുനിൽക്കുമെന്ന് നിശ്ചയവുമില്ല. ശാരീരിക അകലം ഉറപ്പുവരുത്തി എല്ലാവരും കരുതലോടെ രോഗം പകരാതെ സൂക്ഷിക്കേണ്ട കാലമല്ലേ. അപ്പോൾ പെരുന്നാളായാലും ഓണമായാലും ആഘോഷങ്ങളല്ല പ്രധാനം എന്ന് ബുദ്ധിയുള്ളവരെല്ലാം തിരിച്ചറിയും. ഓണമൊക്കെ നമുക്ക് പിന്നീടും ആഘോഷിക്കാമല്ലോ. അതുകൊണ്ട് ഞാനിത്തവണ കേരളത്തിലേക്ക് വരുന്നില്ല. നീ ഇക്കാര്യം നിന്റെ കൂട്ടുകാരായ മറ്റ പൂക്കളോടും പറയണം. അതുമാത്രം പോരാ കേരളനാട്ടിലെ എല്ലാവരോടും പറയണം. ജീവന്റെ വിലയുള്ള ജാഗ്രതയാണ് വേണ്ടതെന്ന കാര്യം ഒരിക്കലും മറക്കരുത് എന്ന്.

പിന്നെ, മറ്റൊരു പ്രധാന കാര്യം നിന്നെ ഏൽപ്പിക്കാനുണ്ട്. ഇത്തവണ ഓണത്തിന് വരുമ്പോൾ കുഞ്ഞുമക്കളോട് പറയണമെന്ന് വിചാരിച്ച കാര്യമാ. അടുത്ത തവണത്തേയ്ക്ക് നീട്ടിവെക്കാനൊന്നും പറ്റില്ല. മാവേലിക്കു വേണ്ടി എന്റെ കൊച്ചു തുമ്പപ്പൂവിനെയല്ലാതെ പിന്നെ ഞാനാരെയാ ഇതൊക്കെ ഏൽപ്പിക്കുക. എന്താ പറയാനുള്ളതെന്നോ? ശ്രദ്ധിച്ച് കേട്ടോളൂ. ഒരക്ഷരം വിട്ടുപോവാതെ കൂട്ടുകാരോട് പറയണേ.

അതേ, സൗരയൂഥത്തിലും അതിനപ്പുറവും നമ്മളറിഞ്ഞേടത്തോളം ഈ ഭൂമിയില് മാത്രമേ ജീവൻ എന്ന് പറയുന്ന പ്രതിഭാസം ഉള്ളൂ! അപ്പത്തന്നെ മനസ്സിലായല്ലോ, അതിന്റെയൊരു വില. ഭൂമിയുടേയും പ്രപഞ്ചത്തിന്റെയും ഒക്കെ പ്രായം വെച്ച് നോക്ക്വാണെങ്കിൽ, ദാ എന്ന്

# നമുക്ക് തുമ്പപ്പൂവിനെപ്പോലെ വെളുക്കെ ചിരിക്കാം

പറയുന്ന അത്ര നേരത്തേക്കേ നമ്മളുടെയൊക്കെ ജീവിതവും ഉള്ളൂ. ഏതാനും വർഷങ്ങൾ മാത്രം. അതിനിടയിൽ നമുക്കോരോരുത്തർക്കും എന്തു മാത്രം കാര്യങ്ങളാ ചെയ്യാനുള്ളത്. കണ്ടുതീർക്കാനുള്ള കാഴ്ചകൾ, കേട്ടു കേട്ടിരിക്കേണ്ട സംഗീതം, പഠിച്ചും അനുഭവിച്ചറിഞ്ഞും മനസ്സിലാക്കാനുള്ള നൂറുനൂറു കാര്യങ്ങൾ, ചുറ്റിലും എത്ര പങ്കുവെച്ചാലും കൊതിതീരാത്ത സൗഹൃദങ്ങൾ... അങ്ങിനെയെന്തെല്ലാം. ഹോ നമ്മുടെ പ്രിയപ്പെട്ടവരുടെ സ്നേഹമൊക്കെ ഇനിയൊരു നൂറുകൊല്ലം കൂടി ജീവിച്ചാൽ നമുക്ക് മടുക്കുമോ? ഇല്ലേയില്ല, അതിന്റെ ആഴം കൂടി വരികയേയുള്ളൂ.

എല്ലാവർക്കും അറിയുന്ന ഇതൊക്കെയെന്തിനാ ഈ മാവേലി ഇപ്പം പറയുന്നതെന്നല്ലേ തുമ്പേ, നീയിപ്പോൾ ആലോചിക്കുന്നത്. അതേ, അറിയുന്ന കാര്യമൊക്കെ തന്നെയാണ്. സമ്മതിച്ചു, പക്ഷേ, ചില കൂട്ടുകാരെങ്കിലും ഇതൊക്കെ അങ്ങ് മറക്കുന്നു. എത്ര അമൂല്യമാണ് ജീവൻ എന്നത് ഇത്തിരി നേരത്തേക്കെങ്കിലും ഓർക്കാതെ പോവുന്നു. സ്വന്തം ജീവിതം അവസാനിപ്പിക്കുന്നു.



കേരളത്തിൽ ഈയടുത്ത കാലത്ത് കുറച്ച് കുട്ടികളെങ്കിലും അങ്ങനെ ചെയ്തത് നീയും പത്രത്തിലും ടി വി യിലുമൊക്കെ കണ്ടിട്ടില്ലേ, തുമ്പേ. വളരെ നിസ്സാരമായ കാര്യങ്ങൾക്കാണ് അവരൊക്കെ അങ്ങനെ ചെയ്തത്. അച്ഛനോ അമ്മയോ ചെറുതായൊന്ന് വഴക്കു പറഞ്ഞതിന്, ടി വി കാണാൻ സമ്മതിക്കാതിരുന്നതിന്, ഒരു ദിവസം ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാതിരുന്നതിന്... അങ്ങനെയങ്ങനെ. ഒരു മിനിറ്റു നേരം യുക്തിപൂർവം ചിന്തിച്ചിരുന്നെങ്കിൽ എത്ര മണ്ടത്തരമാണ് തങ്ങൾ കാണിക്കുന്നതെന്ന് അവർക്കു തന്നെ മനസ്സിലാകുമായിരുന്നില്ലേ, അല്ലേ.

കൂട്ടുകാരോട് നീ പറയേണ്ടത് തുമ്പേ, ജീവിതത്തിൽ മധുരവും ചവർപ്പും കയ്പുമൊക്കെയുള്ള അനുഭവങ്ങൾ ഉണ്ടാവും എന്ന് തിരിച്ചറിയാനാണ്. അതൊക്കെ നേരിട്ടും അനുഭവിച്ചുമൊക്കെയാണ് ഓരോരുത്തരും വളർന്നത്; വളരുന്നത്. വലിയ വലിയ കാര്യങ്ങളൊക്കെ ചെയ്ത മഹാന്മാരുടെ ജീവിതകഥകളൊക്കെ വായിച്ചു മനസ്സിലാക്കാൻ നീ അവരോട് പറയണം. അനുഭവങ്ങളിലൂടെ കരുത്ത് നേടുമ്പോഴാണ് ജീവിതത്തിന്റെ മാധുര്യം നമുക്കുണരായാൻ കഴിയുക. നമുക്കൊരു പ്രശ്നം വരുമ്പോൾ നമ്മളെക്കാളും പ്രശ്നങ്ങളുള്ള എത്ര പേർ നമുക്ക് ചുറ്റുമുണ്ടെന്ന് നോക്കിയാൽ മതി. അവരുടേതുമായൊക്കെ തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ പ്രശ്നം എത്ര നിസ്സാരമാണെന്ന് ബോധ്യപ്പെടും. അത്തരക്കാർക്കു വേണ്ടി നമുക്ക് എന്തു സഹായം ചെയ്യാൻ കഴിയും എന്ന് ആലോചിച്ചാൽ തന്നെ നമ്മുടെ മനസ്സ് വളരെ വലുതാകും. കൂട്ടുകാര് മറക്കാതെ ചെയ്യേണ്ട ഒരു കാര്യമുണ്ട്. ഏതെങ്കിലും പ്രശ്നത്തിൽ വിഷമം തോന്നുകയാണെങ്കിൽ അക്കാര്യം വീട്ടുകാരോടോ അടുത്ത സുഹൃത്തുകളുമായോ അധ്യാപകരുമായോ പങ്കുവെക്കുക എന്നതാണ് അത്. അപ്പോൾ ഒരു പരിഹാരം രൂപപ്പെട്ടുവരും; തീർച്ച. കാറും കോളുമെല്ലാം നിറഞ്ഞ ചിന്തകൾ മാറ്റി തുമ്പപ്പൂവിനെപ്പോലെ ഉള്ളറിഞ്ഞ് വെളുക്കെ ചിരിക്കാൻ എല്ലാരോടും മാവേലി പറഞ്ഞൂന്ന് പറയാൻ മടിക്കണ്ട ട്ടോ തുമ്പക്കുട്ടീ.

ഓ, പിന്നെ ഒരു കാര്യം കൂടി. സെപ്റ്റംബർ പത്തിന് ലോക ആത്മഹത്യാ വിരുദ്ധദിനമാണ്. അതിനെ മുൻനിർത്തി കൂട്ടുകാരെല്ലാം ഈ വിഷയം ചർച്ച ചെയ്യാൻ പറയണം. ഓണത്തിനു വരുമ്പോൾ മാവേലി പറയാനിരുന്നതാ, വരാൻ പറ്റാതെ പോയതുകൊണ്ടാ എന്ന് അവരോട് നീ വീണ്ടും വീണ്ടും പറയണേ."

**യുറീക്കാമാമൻ**

# ചുവരിൽ വരച്ചവർ



**പി കെ സുധി**



ഫോട്ടോ: പി.കെ. സുധി

ചുവരിൽ കുത്തിവരയ്ക്കാത്തവരാരുണ്ട്? അങ്ങനെയൊരു ചോദ്യം ക്ലാസ്സിലുണ്ടായാൽ അധികപേർക്കും കുനിഞ്ഞിരിക്കാനേ കഴിയുള്ളൂ. ചുവരിൽ 'ത'യും 'റ'യും കുമിൾ ചിത്രങ്ങളും വരയ്ക്കാത്ത കുട്ടികളില്ല. പിന്നെ നീണ്ടവരകളും കുറികളും. അത് കുട്ടിക്കാലത്തെ ശീലമാണ്.

മനുഷ്യരുടെ ഈ കുത്തിവരപ്പരിപാടി എന്നാവും ആരംഭിച്ചിരിക്കുക? പണ്ടു പണ്ട്, എന്നൊക്കെ പറയാൻ മാത്രമേ കഴിയുകയുള്ളൂ.

മധ്യപ്രദേശിലെ ഭിം ബെട്ക്ക എന്ന സ്ഥലത്തെ മലനിരകളിൽ കുഞ്ഞുങ്ങൾ രചിച്ചതു മാതിരിയുള്ള ഗുഹാചിത്രങ്ങളുണ്ട്. ഇത് മനുഷ്യവംശം ഇന്നത്തെ മാതിരി പരിഷ്കൃതരാകുന്നതിനു മുമ്പുള്ള കുത്തിവരകളാണ്. ആ ഗുഹാച്ചുവരുകളിൽ കുമിളുകൾ മാതിരിയുള്ള കുഞ്ഞിച്ചിത്രങ്ങൾ കാണുമ്പോൾ കുട്ടികളുടെ വികൃതികൾ ഓർത്തുപോകും. വെളുപ്പും ചുവപ്പും നിറമുള്ള ചിത്രങ്ങൾ. മനുഷ്യവംശത്തിന്റെ ആദ്യകാല വരകൾ. ഇവ പച്ചയും മഞ്ഞയും നിറത്തിലുമുണ്ട്.

അക്കാലത്തെ മനുഷ്യർ അവർക്ക് പരിചിതമായ വസ്തുക്കളെക്കുറിച്ച് എഴുതിയതാണ്. നമ്മളുൾപ്പെടുന്ന ഹോമോസാപിയൻസ് മാത്രമല്ല. അതിനും മുന്നിലുള്ള നിയാണ്ടർത്താൽ വിഭാഗത്തിലുള്ള മനുഷ്യരുടെ ചിത്രപ്പണികളും ഭിം ബെട്ക്ക ഗുഹകളിൽ കാണുന്നുണ്ട്.

ഈ ചിത്രകാരന്മാർ കൃഷിക്കാരായിരുന്നില്ല. അന്നു മനുഷ്യർ കൃഷിയാരംഭിച്ചിട്ടില്ല. വേട്ടയാടി തിന്നുന്ന കാലം. അതിനാൽത്തന്നെ ഈ ചിത്രശേഖരത്തിലെ മുഖ്യകഥാപാത്ര

ങ്ങൾ മൃഗങ്ങളാണ്. പന്നി, മാൻ, പോത്ത്, കടുവ, ആന, മയിലുകൾ അങ്ങനെ പോകുന്നു അവ. പതിനാറു വ്യത്യസ്ത ജാതിയിൽ വരുന്ന 252 മൃഗരൂപങ്ങളെ കോറിയിടാൻ അവരുടെ വിരലുകൾക്ക് ചരിത്രാതീത കാലത്ത് സാധിച്ചു. കുതിരകൾ, യുദ്ധം എന്നിവയും ആലേഖനം ചെയ്യപ്പെട്ടവയിൽ പെടുന്നു. എല്ലാം ചരിത്രമെഴുതാക്കാലത്തെ സംസ്കാരത്തിന്റെ ശേഷിപ്പുകളാണ്. ഇവയൊക്കെ ഒരാളോ രണ്ടാളോ വരച്ചവയല്ല. ദീർഘകാലത്തെ മനുഷ്യരുടെ അധ്വാനമാണ് അവ. തങ്ങളുടെ മനസ്സിലെ ആശയങ്ങൾ പാറകളിൽ രേഖപ്പെടുത്തുന്ന പരിപാടി അവരേറെക്കാലം തുടർന്നിരുന്നു.



ഉള്ളിൽ ഗുഹകളുള്ള എഴുന്നൂറിൽപ്പരം പാറക്കെട്ടുകളിവിടെയുണ്ട്. ഗുഹകളുടെ മുകൾത്തട്ടിലാണ് ചിത്രപ്പണികൾ മുഖ്യമായിട്ടുള്ളത്. ഇവയിൽ പതിനഞ്ച് ഗുഹകൾ മാത്രമാണ് കാഴ്ചക്കാർക്കായി തുറന്നു കൊടുത്തിട്ടുള്ളത്. ബാക്കിയുള്ളവയിലെ സ്ഥിതി എന്തായിരിക്കുമല്ലേ? ആയിരത്തി തൊള്ളായിരത്തി അൻപത്തിയെട്ടിൽ വി. എസ്. വാക്ക്നർ ആണ് ഇവയെക്കുറിച്ച് പുറംലോകത്തിനോട് ആദ്യമായി പറഞ്ഞത്. അതുവരെ മറ്റാരാലും ശ്രദ്ധിക്കപ്പെടാതെ അവ കാട്ടിനുള്ളിൽ മറഞ്ഞു കിടക്കുകയായിരുന്നു. ഈ ചരിത്രസ്ഥാനം കണ്ടെത്തിയതിന് അദ്ദേഹത്തിന് രാജ്യം പത്മശ്രീ പുരസ്കാരം സമ്മാനിച്ചു. 2003 ൽ ഭിം ബെട്ക്ക യുനെസ്കോയുടെ പൈതൃകപ്പട്ടികയിലുമെത്തി.

ഇവിടത്തെ പാറകളും അതിവിചിത്ര രൂപികളാണ്. വനവാസക്കാലത്ത് പഞ്ചപാണ്ഡവരിലെ ഭീമന്റെ ഇരിപ്പിടങ്ങളായിരുന്നു അവയെന്നു കഥ പറയുന്നവരുണ്ട്. കണ്ടാൽ അങ്ങനെയും തോന്നും. വലിയ ആഞ്ഞിലി മരം മാതിരി മാനത്തേയ്ക്ക് ഉന്തിയവ. പ്ലാവുമാതിരി പരന്നു പടർന്ന പാറക്കെട്ടുകൾ. അവയുടെ ആകൃതിയും നിറവും ഇടയ്ക്കുള്ള പൊത്തുകളും പൊള്ളകളും വിചിത്രമായ കാഴ്ചകളാണ്. ആ കസാലകളിൽ കയറിയിരിക്കാൻ ഭീമസേനനു മാത്രമേ കഴിയുള്ളൂ. അവയുടെ അടിയിലെത്തിയാൽ നമ്മളൊക്കെ ഉറുമ്പുകളാണ്.

ഏതാണ്ട് നാൽപ്പതിനായിരത്തിനടുത്ത് വർഷങ്ങൾക്കുമുമ്പുള്ള അതിപ്രാചീനരുടെ ചിത്രഗ്യാലറി കണ്ടു നടക്കുന്നതിനന്നിടയിൽ അതിവിചിത്ര രൂപിയായ ഒരു കല്ലിനെയും കാണാം. ഒരു പാറയുടെ മേൽ എന്തിനെയാണപ്പാ എടുത്തു വച്ചിരിക്കുന്നത്? സാക്ഷാൽ ആമ. കഴുത്തു നീട്ടിയ, തോടിനുള്ളിൽ നിന്നും കാലുകൾ പുറത്തേയ്ക്ക് അൽപ്പം നീട്ടിവെച്ച് ഞാനിപ്പോ നടക്കുമേ എന്ന ഭാവത്തിലുള്ള കൂറ്റൻ കല്ലാമ. ആമപ്പാറയെന്നാണ് ഇഷ്ടന്റെ നാമം. അനങ്ങാതിരിക്കുന്ന ആ മണൽക്കല്ല് അന്നുമിന്നുമുള്ള കാറ്റും മഴയും വീണ് ആമയെപ്പോലെ രൂപമാറ്റം വന്നതാണ്. എത്ര കാലത്തെ കാഴ്ചകൾ അവൻ കണ്ടിരിക്കും.

നല്ല പെയ്ന്റ് തേച്ചു മനോഹരമാക്കിയ ചുവരുകൾ കാണുമ്പോൾ ഒന്നു വരച്ചാലോ? വിരലുകളിൽ ഒരു കിരുകിരുപ്പാശ വന്നെങ്കിൽ അത് നമ്മുടെ കുഴപ്പമല്ല. പാരമ്പര്യത്തിന്റെ കൂടി തകരാറാണെന്ന് മനസ്സിലായല്ലോ. കേരളത്തിലെ മഹാനായ ചിത്രകാരൻ രാജാരവിവർമയുടെ വരത്തുടക്കവും കരിക്കട്ടകൊണ്ട് ചുവരിൽ കുത്തിവരച്ചിട്ടായിരുന്നു. നമുക്കതറിയാം.

ഭിം ബെട്ക്ക എന്ന കാട്ടു പ്രദേശം വിന്ധ്യൻ മലനിരകളുടെ ഒരു ചെരിവിലാണ് സ്ഥിതിചെയ്യുന്നത്. മധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിന്നടുത്താണ് ഈ സ്ഥലം. ഭോപ്പാലിൽ നിന്നും ഏകദേശം നാൽപ്പത് കിലോമീറ്റർ യാത്രചെയ്യണം ഇവിടെയെത്താൻ.

വലുതാകുമ്പോൾ ഭിം ബെട്ക്കയിൽ പോകാൻ മറക്കണ്ട.

ഭിം ബെട്ക്ക കണ്ടാലോ?
സ്കാൻ ചെയ്തു നോക്കൂ...

# കുഞ്ഞൂട്ടന്റെ സ്വപ്നങ്ങൾ



കെ.ടി.ബാബുരാജ്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ചങ്ങാതീ നിങ്ങൾക്ക് നമ്മടെ കുഞ്ഞൂട്ടനെ അറിയില്ലേ...

താഴെവീട്ടിലെ സുഗുണേച്ചീന്റെ മോൻ കുഞ്ഞൂട്ടൻ. ആ കുഞ്ഞൂട്ടനെ കുറിച്ചാ ഈ കഥ.

തനിച്ചിരിക്കുമ്പോൾ വെറുതെയൊന്ന് കണ്ണടയ്ക്കുകയേ വേണ്ടൂ. അപ്പോ കാണും കുഞ്ഞൂട്ടൻ സ്വപ്നങ്ങൾ. ഒരു ഒന്നൊന്നര സ്വപ്നാണ് കുഞ്ഞൂട്ടന്റേത്. നല്ല സിനിമ പോലുള്ള സ്വപ്നം. പലതിനും തലയും വാലും ഉണ്ടാവില്ലെന്നുമാത്രം.

മുറിയില് തനിച്ചാവുമ്പോൾ കുഞ്ഞൂട്ടൻ പതുക്കെ ജാലകത്തിനരികിലേക്ക് ചെല്ലും. അതിന്റെ അഴികളിൽ എത്തിപ്പിടിച്ച് പുറത്തേക്കു നോക്കും. പുറത്ത് നല്ല പച്ചക്കുന്നാണ്. കുന്നിൽ നിറയെ മരങ്ങളാണ്. മരങ്ങൾക്കിടയിൽ നല്ല മെത്ത പോലെ പുല്ലുകൾ വളർന്നിട്ടുണ്ട്. അതിൽ പശുക്കൾ മേഞ്ഞുനടക്കുന്നുമുണ്ട്. കുന്നിൻ മുകളിൽനിന്നും ഒരു കുഞ്ഞു വെള്ളച്ചാട്ടം താഴേക്കു വീഴുന്നുമുണ്ട്. കുറെ ആടുകൾ വെള്ളച്ചാട്ടത്തിൽ കുളിക്കുന്നു.

കുന്നിലേക്കു തന്നെ നോക്കിക്കൊണ്ടിരിക്കുമ്പോൾ കുഞ്ഞൂട്ടന് ദേഷ്യം പിടിക്കും. ശല്യം... ഇതെന്തൊരു കുന്നാ. ഇതൊരു മൈതാനമായിരുന്നെങ്കിൽ എനിക്ക് ഫുട്ബോൾ കളിക്കാമായിരുന്നു. ക്രിക്കറ്റും കളിക്കാമായിരുന്നു. പിറന്നാളിന് അച്ഛൻ വാങ്ങിത്തന്ന ക്രിക്കറ്റ്



ബാറ്റ് മൂലക്കിരിക്കുന്നുണ്ട്. ഫുട്ബോളും ഉണ്ട്. ഉണ്ടായിട്ടെന്തു കാര്യം. കളിക്കാൻ കഴിയണ്ടേ. വീട്ടിലൊട്ടും സ്ഥലമില്ല. വീടിന് വലിയ മുറ്റവും ഇല്ല. മുമ്പിലാണെങ്കിൽ പുഴയാണ്. പിറകിൽ കുന്നും.

ഹോ... ഒരു കുന്നും ഒരു പുഴയും.

കുഞ്ഞൂട്ടൻ, കാണുമ്പോഴൊക്കെ കുന്നിനെയും പുഴയെയും വഴക്കുപറയും. നിനക്കിത്തിരി അപ്പുറത്തൂടെ ഒഴുകാമായിരുന്നില്ലേ... കുഞ്ഞൂട്ടൻ ഒരു കുഞ്ഞു കല്ലെടുത്ത് പുഴയെ എറിഞ്ഞുകൊണ്ട് ചോദിക്കും.

പാവം പുഴ. അവളൊന്നും മിണ്ടില്ല. ഒച്ചവെക്കാതെ മുഖം കുനിച്ച് സങ്കടത്തോടെ ഒഴുകിപോകും.

കുന്നിനെ നോക്കി പല്ലുഞെരിച്ച്, കണ്ണ് തുറിച്ച് കുഞ്ഞൂട്ടൻ പേടിപ്പിക്കും.

നിനക്ക് ദൂരെയെവിടെയെങ്കിലും പോയിരുന്നൂടായിരുന്നോ... ശല്യം. ജെ സി ബി കൊണ്ടുവന്ന് ഞാൻ നിന്നെയൊക്കെ അടിച്ചുപരത്തുന്നുണ്ട്...

പാവം കുന്ന്. അവനും ഒന്നും മിണ്ടില്ല. കുഞ്ഞൂട്ടനെ നോക്കി കുന്ന് സങ്കടത്തോടെ നിൽക്കും.

ജാലകത്തിനരികിൽ നിൽക്കുമ്പോൾ കുഞ്ഞൂട്ടൻ എന്നും കാണുന്നൊരു സ്വപ്നമുണ്ട്. ഒരു വലിയ ജെ സി ബിയും ഓടിച്ചുകൊണ്ട് കുന്നിൻചെരിവിലൂടെ പോകുന്നു. കുന്നൊക്കെ ഇടിച്ചുനിരപ്പാക്കിക്കൊണ്ട് കുഞ്ഞൂട്ടനങ്ങനെ പോകുന്നു.

കുന്ന് നിന്നങ്ങനെ കരയുന്നു.

കുഞ്ഞൂട്ടനെ നോക്കി കരയുന്നു.

കരയുന്ന കുന്നിനെ കോരിയെടുത്തുകൊണ്ടു പോയി കുഞ്ഞൂട്ടൻ പുഴയിലിടുന്നു. അപ്പോൾ പുഴയും കരയുന്നു.

പുഴയും കരയുന്നു. കുന്നും കരയുന്നു.

പുൽക്കൊടി കരയുന്നു. നീരുറവ കരയുന്നു.

പൈക്കളും പക്ഷികളും കരയുന്നു.

പക്ഷേ, കുഞ്ഞൂട്ടനു മാത്രം ചിരിക്കാനാണ് തോന്നിയത്.

കുന്നു പോയി നല്ല മൈതാനമായിരിക്കുന്നു. അവൻ തലതല്ലി ചിരിച്ചു.

കുന്നിപ്പോൾ ചുവന്നു പരന്ന ഒരു മൈതാനം. ആ മൈതാനത്തിൽനിന്നും താൻ ആഞ്ഞുവീശി ഒരു സിക്സറടിക്കുന്നു. കുഞ്ഞൂട്ടന്റെ ബോൾ ആകാശത്തിലൂടെ പറന്നുപറന്ന്... കുഞ്ഞൂട്ടൻ ബോളിനെ നോക്കി ബോളിനുപിന്നാലെ ബോളു പിടിക്കാനായി...

ഡും...

കുഞ്ഞൂട്ടന്റെ തല എവിടെയോ ചെന്നുതട്ടി.



കട്ടിലിൽനിന്നും താഴെ വീണുകിടക്കുകയാണ് കുഞ്ഞൂട്ടൻ. അവിടെനിന്നും അവൻ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. അവൻ ഓടി ജാലകത്തിനരികിലേക്ക് ചെന്ന് പുറത്തേക്കു നോക്കി.

മൈതാനമെവിടെ... കുഞ്ഞൂട്ടൻ തുറിച്ചുനോക്കി.

കുന്ന് അവിടെത്തന്നെ നിൽക്കുന്നുണ്ട്. കുന്നിപ്പോൾ അവനെയും തുറിച്ചുനോക്കുകയാണ്. നോക്കിക്കൊണ്ടിരുന്നപ്പോൾ കുന്നുണ്ട് പതുക്കെ ഇളകുന്നു. ഇളകിയ കുന്നിന് കയ്യും കാലും മുളയ്ക്കുന്നു. കുന്നിലെ മരങ്ങളും ആർത്തുചിരിക്കുന്നു.

കൈകാലുകളിളക്കി കുന്നും മരങ്ങളും വെള്ളച്ചാട്ടവും പുൽമേടുകളുമെല്ലാം ആർത്തലറി ഉരുണ്ടുമറിഞ്ഞ് തന്റെ നേർക്ക് ഓടിവരുന്നു.

അയ്യോ, കുഞ്ഞൂട്ടൻ നിലവിളിച്ചു.

അയ്യയ്യോ... കുഞ്ഞൂട്ടൻ തിരിഞ്ഞോടി. ഓടെടാ ഓട്ടം.

കുഞ്ഞൂട്ടന്റെ പിന്നാലെ കുന്നും മരങ്ങളും വെള്ളച്ചാട്ടവും പുഴയുമെല്ലാം ഒച്ചവെച്ച് ഒച്ചവെച്ച്... അങ്ങനെ.





# നെന്മണിക്കുറുമ്പ്

**റഫീക്ക് പൂനത്ത്**

ചിത്രീകരണം: കെ.സതീഷ്

ഒരു മണിക്കുറുമ്പാ...
നെന്മണി കുറുമ്പാ...
ചാക്കിൽ നിന്നിറങ്ങീട്ടിതെങ്ങോട്ട് പോവാ?
തടയല്ലേ... പുള്ളേ... ചതിക്കല്ലേ... പുള്ളേ...
വരണണ്ട് പിറകേ ഉലക്കയുമുരലും
അവരെന്നെ പിടിക്കും വെയിലത്തു കിടത്തും
ഉമിയൊക്കെ കളയും വെള്ളത്തിൽ മുക്കും
കുളിപ്പിച്ച കിടത്തും
ഇടിച്ചിട്ട് പൊടിച്ചിട്ടെന്റാപ്പീസു പൂട്ടും
വറച്ചട്ടീ... വെയ്ക്കും
തിരിച്ചിട്ട് മറിച്ചിട്ട്
വറുത്തെന്നെയെടുക്കും
ചൂടുവെള്ളമൊഴിച്ച്ട്ട് കയ്യോണ്ട് കുഴച്ചിട്ട്
പലമേല് വച്ചിട്ട് കുഴലുവച്ചുരുട്ടീട്ട്...
പത്തിരി പരത്തീട്ട് അടുപ്പത്ത് ചുട്ടിട്ട്
മീൻ കറിയൊഴിച്ചിട്ട്... എന്റമ്മോ...!!

ഉരുളല്ലെ കുറുമ്പാ... എറുമ്പാ ഞാൻ കുറുമ്പാ.
നിന്നെ ഞാൻ എടുക്കാം...
മാളത്തിൽ കിടത്താം...
ഉം...
നീയെന്നെ ചുമക്കും മാളത്തിൽ കിടത്തും
കൂട്ടരെ വിളിക്കും അവരെന്നെ പൊതിയും
നക്കിയെന്നെ തുടയ്ക്കും
അവിടെയും കടിക്കും ഇവിടെയും കടിക്കും
കരണ്ടിട്ട്... കരണ്ടിട്ട്... എന്റച്ചോ!!!

ഉരുണ്ടുരുണ്ടുരുണ്ടു ഞാൻ
മണ്ണിൽ ചെന്നൊളിക്കും
ഇലയിട്ടു പുതയ്ക്കും കൂർക്കം വലിച്ചുറങ്ങും
മഴയെന്നെയുണർത്തും
പുതപ്പൊക്കെ മാറ്റും മൂരിയിട്ടുണരും
ഹായ്...!! സൂര്യൻ!!!





പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം / വാട്സപ്പ് അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919




## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : സെപ്റ്റംബർ 15, 2020**

1. പശുവെന്നും കറവപ്പശുവെന്നും പറയാം. (2 അക്ഷരം)
2. മുറ്റത്താണ്; മണമുണ്ട് – പക്ഷേ, പഴഞ്ചൊല്ലിൽ മണമില്ല. (2 അക്ഷരം)
3. (താഴോട്ട്) അനുവാദവുമായി ബന്ധമില്ല; എന്നാൽ വാദനവുമായി ബന്ധമുണ്ട്. വീണയ്ക്ക് ഭാഷയിൽ ഇങ്ങനെ ഒരു പേരുണ്ട്. (5 അക്ഷരം)
(വലത്തോട്ട്) പാട്ടിൽ സ്ഥാനം പല്ലവി കഴിഞ്ഞാണ് (5 അക്ഷരം)
4. സോപ്പ് പതയ്ക്കു; കിട്ടും. (2 അക്ഷരം)
5. വിശപ്പല്ല; കലയല്ല; വിഷക്കല്ലുമല്ല. വിശദമായ, ഇനം തിരിച്ച വിലയിരുത്തലാണ്. (5 അക്ഷരം)
6. വില്ല്. വൃശ്ചികം ഒഴിഞ്ഞാൽ കലണ്ടറിൽ വരും. (2 അക്ഷരം)
7. തെറ്റ് അല്ലാത്തത്. (2 അക്ഷരം)
8. കടമാണ്. തിരിച്ചുനൽകേണ്ടതാണ്. (2 അക്ഷരം)
9. പുകയിലെ ഉകാരം പോയാൽ പിന്നെ ദേഷ്യമായി. (2 അക്ഷരം)
10. ഒഴുകുന്നതാണ്. (2 അക്ഷരം)
11. ഒരു വാഹനം. ഇംഗ്ലീഷ് പേരാണെങ്കിലും മലയാളത്തിലും അതു തന്നെ. (2 അക്ഷരം)
12. നൂറായിരം. (2 അക്ഷരം)
13. കാഴ്ച എന്നും തെളിവ് എന്നും ഉദാഹരണം എന്നും ഈ വാക്കിന് അർത്ഥം. (5 അക്ഷരം)
14. കനിവും കരുണയുമല്ലാതെ മറ്റൊന്നുമല്ല. (2 അക്ഷരം)
15. അമ്പിളിമാമനെ വിളിച്ചിരുന്ന പേരാ... ഇപ്പം 'മണ്ട'നായി. (2 അക്ഷരം.)

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

9/ 2020




പേര് : ........................................................

ക്ലാസ് :........................................................

സ്കൂൾ വിലാസം :......................................

........................................................

പോസ്റ്റ് :........................................................

ജില്ല :........................................................

ഫോൺ :........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക



# കടിക്കില്ല; കുത്തുകയേ ഉള്ളൂ...

**വിജയകുമാർ ബ്ലാത്തൂർ**

ചിത്രീകരണം: രാജീവ് എൻ ടി



കൊതുകിനെക്കുറിച്ച് തന്നെ. സ്കാൻ ചെയ്യൂ...



**ഷഡ്പദങ്ങളുടെ കൂട്ടത്തിൽ ക്യൂലിസി ഡേ കുടുംബത്തിൽ പെട്ടവരാണ് കൊതുകുകൾ. ഇവർക്ക് നമ്മളെ കടിക്കാൻ കഴിയില്ല (പല്ലില്ലല്ലോ കടിക്കാൻ). ഇവരുടെ കുത്തിന്റെ വേദനയും തിണർപ്പും ചൊറിച്ചിലും ഒക്കെ നമുക്ക് പ്രശ്നങ്ങളാണെങ്കിലും അതൊന്നുമല്ല പ്രധാനം. ചോര കട്ടകെട്ടാതെ ഒഴുകിക്കിട്ടാൻ നമ്മുടെ ശരീരത്തിലേക്ക് ഇവർ ആദ്യം കുത്തിവെച്ച് കയറ്റുന്ന ഉമിനീരിലെ ചില ഘടകങ്ങളാണ് ഈ അലർജി തിണർപ്പുകൾക്ക് കാരണം. ആ ഉമിനീരിലൂടെ നമുക്ക് രോഗമുണ്ടാക്കാൻ കഴിയുന്ന രോഗാണുക്കളും, ചില പരാദവിര കുഞ്ഞുങ്ങളും കൂടെ നമ്മുടെ ശരീരത്തിലേക്ക് കയറുന്നതിനാലാണ് ഇവർ വില്ലന്മാരായി മാറിയത്. മലമ്പനി, മന്ത്, മഞ്ഞപ്പനി, ഡങ്കു, ചിക്കൻഗുനിയ, വെസ്റ്റ്നൈൽ വൈറസ് പനി, സിക്ക പനി, തുടങ്ങിയ രോഗങ്ങളുടെ വാഹകരാണ് കൊതുകുകൾ.**

### വാഹ് ! കൊതുകുകൾ എല്ലാം ചത്തു മുടിഞ്ഞാൽ എന്തു മനോഹര ലോകം!

പല കാലങ്ങളിലൂടെ വ്യത്യസ്ഥ കാലാവസ്ഥകളും പ്രതികൂല സാഹചര്യങ്ങളും അതിജീവിച്ച് നിരവധി അനുകൂലനങ്ങൾ പരിണാമ വഴിയിൽ ആർജിച്ചാണ് കൊതുകു വർഗങ്ങൾ ഇതുവരെ എത്തിയത്. അതുകൊണ്ട് തന്നെ ഇവരെ ഇല്ലാതാക്കൽ അത്രയെളുപ്പമല്ല. തുമ്പികൾ, വവ്വാലുകൾ, ഉഭയജീവികൾ, കടന്നലുകൾ, പക്ഷികൾ എന്നിവയുടെ ഒക്കെ ഭക്ഷ്യ ശൃംഖലയിൽ പെട്ടതാണ് കൊതുകുകൾ. കൊതുകുകളില്ലാത്ത ലോകത്ത് നമ്മളും ബാക്കി കാണില്ല.



ഈഡിസ്



ക്യൂലെക്സ്



ആർമിജെരസ്

### എല്ലാ കൊതുകുകളും നമുക്ക് പ്രശ്നക്കാരല്ല

ലോകത്തെങ്ങുമായി മൂവായിരത്തി അഞ്ഞൂറിനടുത്ത് കൊതുകിനങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അനോഫെലെസ്, ക്യൂലെക്സ്, ഈഡിസ് , മാൻസോനിയ, ആർമിജെരസ് എന്നിവയാണ് പ്രധാന ജനുസുകൾ. ഇത്രയധികം ഇനങ്ങളിലായി നിരവധി സ്പീഷിസുകൾ ഉണ്ടെങ്കിലും വിരലിലെണ്ണാവുന്ന കൊതുകിനങ്ങൾ മാത്രമാണ് നമുക്ക് രോഗങ്ങളുണ്ടാക്കുന്നത്.

### സ്ട്രോ വെച്ച് രക്തം ഊറ്റിക്കുടിക്കുന്നവർ

പ്രൊബോസിസ് എന്ന നീളൻ കുഴലാണ് ചോര കുടിക്കാൻ ഉപയോഗിക്കുന്നത്. ആൺ കൊതുകിന് നമ്മുടെ തൊലി തുളച്ച് കയറാനുള്ള സംവിധാനം അതിന്റെ പ്രൊബോസിസിൽ ഇല്ല. പെൺ കൊതുകുകളും ആൺ കൊതുകുകളും വിശപ്പ് മാറ്റാൻ തേനും മറ്റ് സസ്യനീരുകളും ജീർണിച്ച ജൈവാവശിഷ്ടങ്ങളും ഒക്കെയാണ് ഭക്ഷണമാക്കുന്നത്.





### പൊട്ടാത്ത മുട്ട

വെള്ളത്തിലും അതിനു സമീപവും ആണ് മുട്ടയിടുക. മുട്ട, ലാർവ, പ്യൂപ്പ അവസ്ഥകൾ മൊത്തം വെള്ളത്തിലാണ് ജീവിതം. കൊതുകായി പറന്ന് പൊങ്ങാൻ അഞ്ചു മുതൽ നാൽപ്പത് ദിവസം വരെ സമയം എടുക്കും. പക്ഷേ, ഈഡിസ് കൊതുകുകളുടെ മുട്ടകൾ പ്രതികൂല സാഹചര്യങ്ങളിൽ ചിലപ്പോൾ മാസങ്ങളോളം കേടുകൂടാതെ ഇരിക്കും. വെള്ളത്തിന്റെ നനവ് കിട്ടിയാൽ മാത്രം വീണ്ടും ജീവലക്ഷണം കാണിച്ച് വിരിയും.

### കൊതുക് കുത്ത് എങ്ങിനെ കുറയ്ക്കാം?

വെള്ളം കെട്ടിനിൽക്കാനുള്ള അവസരങ്ങൾ ഒഴിവാക്കുക, ഡ്രൈ ഡേ രീതികൾ കൃത്യമായി പാലിക്കുക, ജനലുകൾക്കും വാതിലുകൾക്കും വലകൾ ഘടിപ്പിക്കുക, പുറത്തിറങ്ങുമ്പോൾ ശരീരം മൂടുന്ന കട്ടി വസ്ത്രങ്ങൾ ധരിക്കുക, ഉറങ്ങുമ്പോൾ കൊതുകു വലകൾ ഉപയോഗിക്കുക എന്നിവയൊക്കെയാണ് പ്രധാന വഴി.

ജൈവ നിയന്ത്രണത്തിനായി ഗമ്പൂസിയ മീനുകളെ വെള്ളക്കെട്ടുകളിൽ വളർത്തുന്ന രീതിയും ഇപ്പോൾ പ്രചാരത്തിലുണ്ട്.

കൊതുകുതിരികൾ, വാപ്പറൈസുകൾ, എന്നിവ അത്യാവശ്യ ഘട്ടങ്ങളിൽ കുറഞ്ഞ സമയത്തേക്ക് മാത്രമായി പരിമിതപ്പെടുത്തി ഉപയോഗിക്കാം. ഇവയുടെ ദീർഘകാല ഉപയോഗം നല്ലതല്ല.

അൾട്രാ സൗണ്ട് ഉപയോഗിച്ച് കൊതുകുകളെ തുരത്താം എന്ന് പറഞ്ഞ് വിൽപ്പന നടത്തുന്ന ചില ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉണ്ട്. പക്ഷേ, ഇവയ്ക്ക് യാതൊരു ഗുണവും ഉള്ളതായി തെളിഞ്ഞിട്ടില്ല.

### പറക്കൽ ജോറാണ്

മൂന്നു ജോഡി കാലുകളും ഒരു ജോഡി ചിറകുകളും ഉള്ള ഈ കുഞ്ഞുപ്രാണിയുടെ പറക്കൽ ശേഷി അത്ഭുതകരമാണ്. ആൺ കൊതുകുകൾ ഒരു സെക്കന്റിൽ 450 മുതൽ 600 പ്രാവശ്യം വരെ ചിറകടിക്കുന്നുണ്ട്. ആ പ്രകമ്പനം ആണ് നമ്മൾ മൂളലായി കേൾക്കുന്നത്. അനോഫിലസ് കൊതുകുകൾക്ക് മണിക്കൂറിൽ 1 – 2 കിലോമീറ്റർ വേഗതയിൽ തുടർച്ചയായി നാലു മണിക്കൂർ വരെ പറക്കാൻ കഴിയും. ഒറ്റ രാത്രി കൊണ്ട് 12 കിലോമീറ്റർ വരെ ദൂരം സഞ്ചരിക്കുകയും ചെയ്യും.സന്ധ്യാസമയത്തും പുലർകാലത്തുമാണ് സാധാരണയായി കൊതുകുകൾ ഇരതേടിയും ഇണ തേടിയും ഇറങ്ങുക.



## ചിലരെ കൊതുക് കൂടുതൽ കടിക്കുന്നതെന്തുകൊണ്ടാണ് ?

നമ്മുടെ ഉച്ഛ്വാസവായുവിലെ കാർബൺ ഡയോക്സൈഡിന്റെ സാന്നിധ്യം തിരിച്ചറിയാനുള്ള ഉഗ്രൻ റിസപ്റ്ററുകൾ കൊതുകിനുണ്ട്. കൂടാതെ നമ്മുടെ ശരീരഗന്ധത്തിനാധാരമായ ഒക്റ്റനോൾ തുടങ്ങിയ രാസയൗഗികങ്ങൾ, ശരീരം പുറത്തുവിടുന്ന ചൂട് എന്നിവയൊക്കെ തിരിച്ചറിയാനും ഇവർക്ക് കഴിയും. ഇതെല്ലാം ഉപയോഗിച്ചാണ് 'രാത്രിക്കാഴ്ചകൾ' സാധ്യമാക്കുന്നത്. ചോരകുടിച്ചികളുടെ ആന്റിനയിലുള്ള 72 തരം ഗന്ധഗ്രാഹികളിൽ 27 എണ്ണമെങ്കിലും നമ്മുടെ വിയർപ്പിലെ രാസഘടകങ്ങളെ തിരിച്ചറിയാൻ കഴിയുന്നവയാണ്. കൊതുകുകൾക്ക് എല്ലാ മനുഷ്യരുടേയും രക്തം ഒരുപോലെ



ഇഷ്ടമില്ല. ഏകദേശം ഇരുപത് ശതമാനത്തോളം ആൾക്കാർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ കടി കിട്ടുന്നുണ്ട്. O രക്ത ഗ്രൂപ്പുകാരെ ഇവർക്ക് കൂടുതൽ ഇഷ്ടമാണെന്ന് ചില പഠനങ്ങൾ പറയുന്നു. പാരമ്പര്യ- ജനിതക ഘടകങ്ങളും ചിലരെ 'കൊതുകു-കാന്ത' ശരീരക്കാരാക്കുന്നുണ്ട്. ശരീരത്തിന് സ്വതേ ചൂട് കൂടുതലുള്ളവർ, കൂടുതൽ വിയർക്കുന്നവർ, കുളിയും വൃത്തിയാക്കലും ഇല്ലാതെ അഴുക്കും ധാരാളം ബാക്റ്റീരിയകളും തൊലിയിലുള്ളവർ, മദ്യപിച്ചവർ, ഗർഭിണികൾ എന്നിവരെ കൊതുകുകൾ വേഗം കണ്ടെത്തും. മനുഷ്യരെ കണ്ടുപിടിക്കാനുള്ള കൊതുകിന്റെ ഈ കഴിവുകളെ പറ്റിച്ച് രക്ഷപ്പെടാനുള്ള സൂത്രങ്ങളാണ് കൊതുകുനിവാരണികളിൽ പലതും. പക്ഷേ, ഒന്നിനു മുന്നിലും പൂർണമായും കൊതുകു കീഴടങ്ങീട്ടില്ലതാനും.

മുട്ടയിട്ട് പെരുകാനുള്ള സൗകര്യം ഇല്ലാതാക്കലാണ് കൊതുകുകളെ നിയന്ത്രിക്കാനുള്ള ഏറ്റവും മികച്ച മാർഗം.



### ചോര കുഞ്ഞുങ്ങൾക്ക്

പ്യൂപ്പാവസ്ഥയിൽ നിന്നും വിരിഞ്ഞിറങ്ങുന്ന കൊതുകുകൾ ദിവസങ്ങൾക്കകം ഇണചേരലിന് തയ്യാറാകും. അണ്ഡവളർച്ചയ്ക്ക് ആവശ്യമായ പ്രോട്ടീനുകൾ സ്ഥിരം ഭക്ഷണത്തിൽ ഇല്ലാത്തതിനാലാണ് പെൺ കൊതുകുകൾക്ക് രക്തംകുടിച്ചികളാകേണ്ടി വരുന്നത്.

---

### മർദം യുറീക്കാമാമനെ പറ്റിച്ചു

മർദം ആളൊരു കുറുമ്പനാ. അവൻ യുറീക്കാമാമന്റെ കണ്ണുവെട്ടിച്ചു. എന്താണ് സംഭവമെന്നോ? ജൂലൈ 16 ലക്കത്തിലെ പേജ് 7 ലെ രണ്ടാമത്തെ കോളം നോക്കൂ. മാമൻ പിടിച്ചുനിർത്തിയേടത്തുനിന്ന് അവനൊരു ചാട്ടം ചാടി, താഴോട്ട്. എന്നിട്ട് അവിടെയുണ്ടായിരുന്നവരെയൊക്കെ ചവുട്ടി താഴ്ത്തി. അവന്റെ ആ കുസൃതി മാമൻ കാണാതെ പോയി. ശരിക്കും അവന്റെ സ്ഥാനം ദാ ഇങ്ങനെയായിരുന്നു. അവനെ ഇങ്ങനെ നിർത്തി ലേഖനം ഒന്നുകൂടി വായിച്ചുനോക്കണേ. അല്ലെങ്കിൽ കാര്യം കുഴയും.

$$\frac{\text{നമ്മൾ പ്രയോഗിക്കുന്ന ആകെ ബലം}}{\text{ബലം പ്രയോഗിക്കപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണം}} = \text{മർദം}$$

# വിമാനമിറങ്ങുമ്പോൾ



ഇ.ജിനൻ

ചിത്രീകരണം: അരവിന്ദ് വട്ടംകുളം



മേഘമാലാഖ-
മാരെ യുണർത്തി
വേഗമേതു-
മറിയാത്ത പോലെ

ഞാനിരിക്കും
വിമാനം, പ്രകാശ
പാതയിൽ, പാഞ്ഞു-
പാഞ്ഞു പോകുന്നു.

ജാലകങ്ങളി-
ലൂടെ നോക്കുമ്പോൾ
ആലയിൽ, പുക
പൊങ്ങുന്ന പോലെ

പാൽക്കടൽത്തിര
വെൺനുരയാലേ,
പായ നീർത്തി
വിരിക്കുന്ന പോലെ

ആടിയാടി
മനുഷ്യരൂപങ്ങൾ
താടി നീണ്ട
നരച്ചവർ പോലെ.

നോക്കൂ - ദൂരെ
ഗലീലിയോ ടെലി
സ്കോപ്പിലൂടെ
അളക്കുന്ന ദൂരം

അങ്ങനെയെത്ര-
യെത്ര രൂപങ്ങൾ
പഞ്ഞിമേഘം
വരച്ചുകാട്ടുന്നു

രാത്രിയാവുന്നു,
വാനമിരുട്ടിൻ
ആടകൊണ്ടു
പുതച്ചുറങ്ങുന്നു

ഞാനിരുന്ന
വിമാനമൊട്ടുവിൽ
താണു താണു
പറന്നിറങ്ങുമ്പോൾ.

ചാരേ, കണ്ടു-
തുടങ്ങുന്നു ഭൂമി,
ചാരത്തിൽ, കനൽ
മിന്നുന്നപോലെ.

✷

# കുറുക്കനും കോഴിയും കളി



സി എം മുരളീധരൻ

ചിത്രീകരണം: കെ.സതീഷ്

എടാ നീയെന്താ ഈ കൊണ്ടു വന്നിരിക്കുന്നത്. ഇതൊക്കെ തിന്ന് മട്ടത്തെടാ. ഒരു നാടൻ കോഴിയെ തിന്നിട്ടെത്ര നാളായി. അതിന്റെ കാര്യം ആലോചിക്കുമ്പോഴേ വായിൽ



വെള്ളം നിറയുന്നു. ഈ ചണ്ടിയും തിന്ന് എത്ര കാലം കഴിക്കണം. ഇപ്പോഴത്തെ പിള്ളേരെ കൊണ്ട് തോറ്റു. വായക്കു രുചിയുള്ളതൊന്നും തിന്നാൻ ഇവന്മാർ  തരില്ല, അമ്മക്കുറുക്കൻ പരിഭവക്കെട്ടഴിച്ചു.

സോഫയിലിരുന്ന് ഷൂസിന്റെ ലേസ് അഴിക്കുന്നതിനിടയിൽ പയ്യൻ പറഞ്ഞു. 'മമ്മീ, പുതിയ മാളിൽ നിന്നാ ഞാനിത് വാങ്ങിച്ചത്. വിലയൽപ്പം കൂടുതലാണെങ്കിലും നല്ല സൂപ്പർ സാധനമാ. ചിക്കൻ 2K 19. നാല് പീസുള്ള ഈ പാക്കറ്റ് വാങ്ങിച്ചാൽ ഒരു ചെറിയ ഫാമിലിക്ക് കുശാലാ.. ഒരു ഗ്ലാസ് കോഴി ജ്യൂസ് ഓഫറായുമുണ്ട്.'

'നിന്റെ ഒടുക്കത്തെ ഒരു ഓഫറ്..'

'ഓ, അവിടെയില്ലാത്ത ഐറ്റംസ് ഇല്ല മമ്മീ. ചിക്കൻ മസാല, ചിക്കൻ കടായ്, ചിക്കൻ കുഴിമന്തി, ചിക്കൻ ഡബിൾ ചില്ലി, ചിക്കൻ കബ്സ, ചിക്കൻ പെരളൻ, മലബാരി ചിക്കൻ, ചിക്കൻ തിരോന്ത്രം, ഒമാൻ ചിക്കൻ... അവിടേക്ക് കേറുമ്പോ തന്നെയുള്ള ആ മണമുണ്ടല്ലോ, അതിന് കൊടുക്കണം പൈസ. നിങ്ങളെയൊക്കെ ചെറുപ്പകാലത്ത് ഇങ്ങനത്തെ വല്ല സൗകര്യവുമാണ്ടായിരുന്നോ. ഒളിച്ച് നടന്ന് നടന്ന് വല്ല വിധേനയും കോഴിക്കൂട് കണ്ടത്തണം. നായേടെ കടി കൊള്ളാതെ, വീട്ടുകാരെ ഉണർത്താതെ കോഴിയുമായി മൽപ്പിടുത്തം നടത്തണം. അതിനെ കടിച്ചെടുത്ത് വീട്ടിലേക്ക് ഓടണം. ഓ... എന്ത് വീട്. അതിനെയൊക്കെ വീട് എന്ന് പറയാൻ പറ്റുമോ? മാളമല്ലേ മാളം. മാളത്തിലെത്തുമ്പോ

ഴേക്കും തന്നെ ദേഹം മുഴുവൻ കോഴീടെ
ചോരയായിട്ടുണ്ടാവും. ആകെ വൃത്തികേട്.'
'ഓ എനിക്കതൊക്കെ വല്യ ഇഷ്ടായിരുന്നു.
നിന്റെ അച്ഛനും ഞാനും ഒരുമിച്ചേ പോവാറുള്ളൂ.
തക്കം നോക്കി കോഴിയെ പിടിക്കുന്നതിന്റെ ആ
ഒരു ഹരം... ആദ്യത്തെ കടി തന്നെ കഴുത്തിൽ
വീഴണം. കാണുന്ന എല്ലാത്തിനേം ഒന്ന് ഞങ്ങ
ള് കൈവെക്കൂല. നല്ല ഫസ്റ്റ് ക്ലാസ് കോഴിയെ
ഒറ്റനോട്ടത്തിൽ കണ്ടാലറിയാം. അതിനെത്തന്നെ
പിടിച്ചോണ്ട് പോരും. ഇപ്പം എന്തോ കുന്ത്രാണ്ടോം
ചേർത്ത് മണപ്പിച്ച് പാക്കറ്റിലാക്കി വിക്കണ
കോഴിയൊക്കെ ഏതുതരം കോഴിയാന്ന്
ആർക്കറിയാം. വല്ല കോഴി വസന്തേം വന്ന്
ചത്തതാവാനേ തരോള്ളൂ. അല്ലേല് ഈ
മാതിരി സാധനങ്ങളൊന്നും ഇട്ട്
മണപ്പിക്കണ്ടല്ലോ.'
'ഈ അമ്മക്കിതെന്തിന്റെ കേടാ.
നല്ലത് കണ്ടാലും അറിയില്ല. പഴേ
മാളമൊക്കെ വിട്ട് പുതിയ സ്റ്റൈലൻ
ഫ്ലാറ്റില്  താമസ
മാക്കി. എന്നാലും
ഈ അമ്മ
യ്ക്ക് പഴേ ആ
വർത്താനേ
പറയാനു
ള്ളൂ. കൊറേ
നൊസ്റ്റാ
ൾജിയകള്.
ആബ്സല്യൂ
ട്ട്ലി നോ
ൺസെൻസ്.
ഐ ഹേറ്റ് ഇറ്റ്.'
'നീ എന്തൊക്കെ
യാടാ ചൊല്ലിക്കഴിക്കുന്ന
ത്. നിനക്ക് നേരെ നിന്ന് ഒരു കോഴിയെ
പിടിക്കാനറിയുമോ? എന്തിനത് പറയുന്നു? തൊണ്ട
തെളിഞ്ഞ് ഒന്ന് കൂവാൻ കൂടി അറിയില്ല. എന്നി
ട്ടല്ലേ ബാക്കി.' മുഖം കറുപ്പിച്ച് പ്ലേറ്റിലേക്ക് ചിക്കൻ
വിളമ്പിക്കൊണ്ടിരിക്കെ തള്ളക്കുറുക്കൻ ക്ഷോഭി
ച്ചു. അവരുടെ ഉച്ചത്തിലുള്ള വർത്തമാനം
മകന്റെ മ്യൂസിക് സിസ്റ്റത്തിൽ
നിന്നുള്ള കൂവലുകളിൽ മുങ്ങി
പ്പോയി. പയ്യൻ കൂവലിന് താളം
പിടിച്ചുകൊണ്ട് ദിവാനിലേക്ക്
ചെരിഞ്ഞു.



# ഒരേ തരം ആറ്റങ്ങൾ കൂടിച്ചേരുന്നതെങ്ങനെ?



**പുനരാഖ്യാനം: ഡോ. സംഗീത ചേനംപുല്ലി**

ചിത്രീകരണം: കെ.സതീഷ്

ഒരേ തരം ആറ്റങ്ങൾ കൂടിച്ചേരുന്നതെങ്ങനെ? ഒരേ അക്ഷരങ്ങൾ മാത്രം കൂടിച്ചേർന്നുണ്ടായ എത്ര വാക്കുകൾ നിങ്ങൾക്കറിയാം. പലതിനെയും ശബ്ദങ്ങൾ എന്നല്ലാതെ വാക്കുകളായിപ്പോലും കണക്കാക്കാൻ പറ്റില്ല. എന്നാൽ ആറ്റങ്ങളുടെ കാര്യത്തിലോ?

നിങ്ങൾക്ക് സുപരിചിതമായ അയഡിൻ നമുക്ക് ഉദാഹരണമായെടുക്കാം. മുറിവുകൾ കെട്ടുമ്പോൾ ഉപയോഗിക്കുന്ന ബ്രൗൺ നിറമുള്ള ദ്രാവകം പക്ഷേ, ശുദ്ധമായ അയഡിൻ അല്ല. അത് അയഡിൻ സ്പിരിറ്റിൽ ലയിപ്പിച്ചുണ്ടാക്കുന്ന ലായനിയാണ്. രാസവസ്തുക്കൾ വിൽക്കുന്ന ഒരു കടയിൽ നിങ്ങൾക്ക് ശുദ്ധമായ അയഡിൻ വാങ്ങാൻ കിട്ടും. കറുപ്പുനിറമുള്ള തരികൾക്ക് മുകളിൽ വയലറ്റ് നിറം തിളങ്ങുന്നത് കാണാം. ഈ പരലുകളിൽ അയഡിൻ ആറ്റങ്ങൾ അല്ലാതെ മറ്റൊരു ആറ്റവും ഇല്ല. ഇതിലൊരു തരിയെടുത്ത് ഈ വസ്തുവിന്റെ ഏറ്റവും ചെറിയ ഘടകം ഏതെന്ന് ചോദിച്ചാൽ എന്താവും ഉത്തരം? അധികം സമയമെടുക്കാതെ എളുപ്പത്തിൽ പറയാം: "ഒരു അയഡിൻ ആറ്റം, അല്ലാതെന്താ?" പക്ഷേ, അയഡിന്റെ ഓരോ പരലിലും ഒരു അയഡിൻ ആറ്റം മറ്റൊന്നിനോട് ബന്ധിക്കപ്പെട്ടാണിരിക്കുന്നത്. ഈ പരൽ ഉരുക്കിയാലോ, ബാഷ്പീകരിച്ചാൽ പോലുമോ ആറ്റങ്ങൾ തമ്മിലുള്ള ബന്ധം വിട്ടുപോകുന്നില്ല.

എന്നാൽ എന്തെങ്കിലും മാർഗമുപയോഗിച്ച് ഈ ബന്ധം വേർപെടുത്തിയാലോ, കിട്ടുന്ന വസ്തുവിന്റെ സ്വഭാവം എന്തായിരിക്കും?

ഇതിത്ര ചോദിക്കാൻ എന്തിരിക്കുന്നു അല്ലേ, ആറ്റങ്ങൾ അയഡിന്റെ തന്നെയല്ലേ? പക്ഷേ, തീർത്തും വ്യത്യസ്ത സ്വഭാവങ്ങളുള്ള മറ്റൊരു വസ്തുവാണ് നമുക്ക് കിട്ടുക. അതായത് ഒരൊറ്റ ആറ്റവും രണ്ടാറ്റങ്ങൾ കൂടിച്ചേർന്നതും ഒരുപോലെയല്ല!

**അയഡിന്റെ ഓരോ പരലിലും ഒരു അയഡിൻ ആറ്റം മറ്റൊന്നിനോട് ബന്ധിക്കപ്പെട്ടാണിരിക്കുന്നത്. ഈ പരൽ ഉരുക്കിയാലോ, ബാഷ്പീകരിച്ചാൽ പോലുമോ ആറ്റങ്ങൾ തമ്മിലുള്ള ബന്ധം വിട്ടുപോകുന്നില്ല.**

ഒരു അയഡിൻ പരൽ കാണിച്ച് ഒരാൾ നിങ്ങളോട് ഈ വസ്തുവിന്റെ ഏറ്റവും ചെറിയ ഘടകം എന്താണെന്നു ചോദിച്ചാൽ എന്തുത്തരം പറയണമെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. "രണ്ട് അയഡിൻ ആറ്റങ്ങൾ കൂടിച്ചേർന്നുണ്ടായ ജോഡി" എന്നാണ് ശരിയായ ഉത്തരം.

എന്നാൽ ആ ചോദ്യത്തിന് ശരിയായും, ശാസ്ത്രീയമായും ഉത്തരം പറയണമെങ്കിലോ? " ഈ വസ്തുവിന്റെ ഏറ്റവും ചെറിയ ഘടകം രണ്ട് അയഡിൻ ആറ്റങ്ങൾ ചേർന്നുണ്ടായ തന്മാത്രയാണ്" എന്ന് പറയേണ്ടി വരും.

തീർത്തും ഒരേപോലെയുള്ള രണ്ട് അറ്റങ്ങൾ കൂടിച്ചേർന്നും ഒരു തന്മാത്രയുണ്ടാകാം എന്ന് നമുക്കിപ്പോൾ ബോധ്യമായി. അയഡിൻ മാത്രമല്ല അതുപോലെയുള്ള മറ്റനേകം ദ്വയാറ്റൊമിക തന്മാത്രകൾ നമുക്ക് ചുറ്റുമുണ്ട്. നിങ്ങൾ യുറീക്ക വായിച്ചുകൊണ്ടിരിക്കുന്ന നിമിഷത്തിൽ തന്നെ രണ്ടാറ്റങ്ങൾ കൂടിച്ചേർന്നുണ്ടായ കുറേ തന്മാത്രകൾ നിങ്ങൾക്ക് ചുറ്റും മൂളിപ്പറക്കുന്നുണ്ട്. മാത്രമ

ല്ല അവ നിങ്ങളുടെ ഉള്ളിലേക്കും പറന്നു കയറുന്നുണ്ട്. നിങ്ങളുടെ ശ്വാസകോശത്തിലേക്കാണവ പോകുന്നത്.

ഞാൻ വായുതന്മാത്രകളെക്കുറിച്ചാണ് പറഞ്ഞതെന്ന് നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ. കുറച്ചുകൂടി കൃത്യമായിപ്പറഞ്ഞാൽ നൈട്രജൻ തന്മാത്രകളും ഓക്സിജൻ തന്മാത്രകളും. ഇവ രണ്ടും ചേർന്നാൽ അന്തരീക്ഷ വായുവിന്റെ വലിയൊരു ഭാഗമായി.

ഞങ്ങൾ ഓക്സിജൻ ആണ് ശ്വസിക്കുന്നത് എന്നാളുകൾ പറയുമ്പോൾ അവരുദ്ദേശിക്കുന്നത് രണ്ടാറ്റങ്ങൾ ചേർന്ന ഒരു ഓക്സിജൻ തന്മാത്രയെയാണ്. ഗുരുതരമായ രോഗം ബാധിച്ചവർ ഉപയോഗിക്കുന്ന ഓക്സിജൻ മാസ്കുകളിലും, സാന്ദ്രീകരിച്ച ഓക്സിജൻ നിറച്ച സിലിണ്ടറുകളിലും, റോക്കറ്റ് ഇന്ധനമായി ഉപയോഗിക്കുന്ന ദ്രാവക രൂപത്തിലുള്ള ഓക്സിജനിലുമെല്ലാം ഉള്ളത് ഈ ഇരട്ട ആറ്റ തന്മാത്രകൾ തന്നെ. ഇനി ഇതല്ലാതെ വേറെ തരത്തിലുള്ള ഓക്സിജൻ ഉണ്ടോ? തീർച്ചയായും ഉണ്ട്.




ഇടിമിന്നൽ ഉണ്ടാകുമ്പോൾ മൂന്ന് ഓക്സിജൻ ആറ്റങ്ങൾ കൂടിച്ചേർന്ന് ഒരു തന്മാത്ര ഉണ്ടാകുന്നു. അപ്പോൾ മൂക്ക് വിടർത്തിക്കൊണ്ട് ആളുകൾ പറയും “ ഓസോണിന്റെ മണം വരുന്നു. മൂന്നാറ്റങ്ങൾ ചേർന്നുണ്ടാകുന്ന ഓക്സിജൻ തന്മാത്രയുടെ സ്വഭാവം രണ്ടാറ്റങ്ങൾ ചേർന്നുണ്ടാകുന്നതിന്റെ സ്വഭാവത്തിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ അതിന് മറ്റൊരു പേരും നൽകിയിട്ടുണ്ട്, ഓസോൺ എന്നാണത്.

ഓക്സിജൻ വാതകത്തിന് മണമൊന്നുമില്ല. പക്ഷേ, ഓസോണിന് വളരെ തീക്ഷ്ണമായ ഗന്ധമുണ്ട്. മണക്കുക എന്നർത്ഥമുള്ള ഗ്രീക്ക് വാക്കിൽ നിന്നാണ് ആ പേര് വന്നത് പോലും.

ഓക്സിജന് നിറമില്ല. അതിനെ കാണാനും പറ്റില്ല.എന്നാൽ ഓസോൺ നീലനിറമുള്ള വാതകമായതുകൊണ്ട് അതിനെ കാണാൻ സാധിക്കും.

നമ്മൾ ശ്വസിക്കുന്നത് ഓക്സിജനാണ്. എന്നാൽ ഓസോൺ ശ്വസിക്കാനേ പാടില്ല. കുറഞ്ഞ അളവിൽ ഓസോൺ അടങ്ങിയ വായുവിന് ഒരു പുതുമണമൊക്കെ തോന്നും. പക്ഷേ, കൂടിയ അളവിൽ അതൊരു വിഷവാതകമാണ്. മാത്രമല്ല ഇതിന് ഓക്സിജൻ തന്മാത്രയേക്കാൾ അമ്പത് ശതമാനം ഭാരവും കൂടുതലാണ്. ദ്രാവക രൂപത്തിലുള്ള ഓക്സിജൻ ഇളം നീല നിറമുള്ളതാണ്, ദ്രവീകരിച്ച ഓസോണിനോ കടും വയലറ്റ് നിറവും. ഈ രണ്ടിന്റേയും തിളനിലയും വെവ്വേറെ തന്നെ.

ഒരേ തരം ആറ്റങ്ങൾ ചേർന്നാണ് ഇവ രണ്ടും നിർമിക്കപ്പെട്ടത് എന്ന് വിശ്വസിക്കാൻ പ്രയാസം തോന്നുന്നില്ലേ? പക്ഷേ, വിചിത്രമെങ്കിലും അതാണ് വാസ്തവം.

*(മൈലെൻ കോൺസ്റ്റാന്റിനോവ്സ്കിയുടെ കൃതിയെ ആധാരമാക്കി)*

(തുടരും)



# യുറീക്കയോട് ചോദിക്കൂ...

നിങ്ങളുടെ സംശയങ്ങൾ
യുറീക്കയ്ക്ക് അയയ്ക്കൂ.
അവയ്ക്ക് വിദഗ്ധർ
ഈ പംക്തിയിലൂടെ
ഉത്തരം നൽകും.



## രാത്രി സൂര്യനില്ലെങ്കിലും ചൂട് അനുഭവപ്പെടുന്നത് എന്തുകൊണ്ട്?



**ഋതുപർവ്,** 6 ഡി, കാർത്തികപ്പള്ളി
നമ്പർ 1 യു.പി. എസ്., 673542

അടുപ്പത്തിരിക്കുന്ന കഞ്ഞിക്കലത്തെപ്പറ്റി ചിന്തിക്കൂ. തീയണച്ചാലും കലത്തിനും കഞ്ഞിക്കും ചൂടുണ്ടാവില്ലേ? പക്ഷേ, തീയണഞ്ഞാൽ കഞ്ഞി ആറാൻ തുടങ്ങും. ചൂടുള്ള എല്ലാറ്റിന്റെയും കാര്യം അങ്ങനെ തന്നെയാണ്. ചുറ്റുപാടിലേക്ക് താപം നഷ്ടപ്പെട്ടുകൊണ്ടിരിക്കും. അതനുസരിച്ച് അവ തണുത്തുകൊണ്ടുമിരിക്കും.

രാവിലെ സൂര്യരശ്മികളേറ്റ് ഭൂമി ചൂടായിത്തുടങ്ങുന്നതോടൊപ്പം ഭൂമിയിൽ നിന്ന് ചൂട് നഷ്ടപ്പെടാനും തുടങ്ങും. ഏതാണ്ട് രണ്ടു മണി വരെയൊക്കെ, നഷ്ടപ്പെടുന്നതിനേക്കാൾ കൂടുതൽ ചൂട് കിട്ടുന്നുണ്ടാവും. അതുകൊണ്ട് നമുക്ക് ചൂട് കൂടുന്നതായി അനുഭവപ്പെടും. അതിനുശേഷം, ചൂട് കുറഞ്ഞുതുടങ്ങും. വീണ്ടും അടുത്ത ദിവസം സൂര്യനുദിക്കുന്നതുവരെ ഇത് തുടരും.

വേനൽക്കാലത്ത് സൂര്യൻ നേരത്തേ ഉദിക്കുകയും വൈകി അസ്തമിക്കുകയും ചെയ്യുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? അങ്ങനെ വരുമ്പോൾ ഭൂമി കൂടുതൽ ചൂടാകും. തണുക്കാൻ കൂടുതൽ സമയമെടുക്കുകയും ചെയ്യും. അന്തരീക്ഷത്തിലെ നീരാവിയും കാർബൺ ഡൈ ഓക്സൈഡുമൊക്കെ



ഭൂമിയിൽ നിന്ന് നഷ്ടപ്പെടുന്ന ചൂട് ആഗിരണം ചെയ്യുന്ന വാതകങ്ങളാണ്. അന്തരീക്ഷത്തിൽ ഇത്തരം ഘടകങ്ങൾ കൂടുന്നതിനനുസരിച്ച് ഭൂമിക്ക് ചൂട് കൂടും.

*(പി.സുനിൽദേവ്)*

# കുറുക്കന്റെ സങ്കടം



**പി വി സന്തോഷ്**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



കുറുക്കന് ഈയിടെയായി വലിയ സങ്കടമാണ്. എത്ര മഴ വന്നു പോയി! എത്ര വെയിലു വന്നു പോയി! മഴയും വെയിലും കൂടി എത്രയെത്ര വന്നു പോയി! എന്നിട്ടും കുറുക്കന്റെ കല്യാണം മാത്രം വന്നില്ല.

"മഴയും വെയിലും ഒന്നിച്ച വന്നു
കാട്ടിലെ കുറുക്കന്റെ കല്യാണം.."

എന്ന് കുട്ട്യോള് താളമിട്ട് കൂവിയാർത്ത് പാടുമ്പോ കുറുക്കന് ശരിക്കും ദേഷ്യം വരും. കുട്ട്യോളാണെങ്കിലും ഇങ്ങനെ പുളുവടിക്കാമോ?

കാര്യമിങ്ങനെയൊക്കെ ആണെങ്കിലും കല്യാണം വരുമ്പോഴേക്കും പാർക്കാൻ നല്ലൊരു വീട് നോക്കി, നിറയെ മരങ്ങളുള്ളൊരു കാടും നോക്കി നടപ്പാണ് കുറുക്കൻ. എത്ര തിരഞ്ഞു നടന്നിട്ടും അത് കാണാഞ്ഞിട്ടല്ലേ ആ പാവം ഇടയ്ക്ക് നാട്ടിലേക്കിറങ്ങുന്നത്! പക്ഷേ, പറഞ്ഞിട്ടെന്താ! അതിന്റെ തലവട്ടം കാണുമ്പോഴേക്കും ഏറ് തുടങ്ങില്ലേ ചില കുരുത്തം കെട്ട കുട്ട്യോള്!

മഴയും വെയിലും ഒന്നിച്ച വന്നാൽ ആകാശം മാത്രം കുറുക്കനെ നോക്കി മഴവില്ലു പോലെ ചിരിക്കും. അത് കുറുക്കന് വല്യ ഇഷ്ടമാണ്. അതല്ലേ മൂപ്പര് ഇടക്ക് ആ പാറപ്പുറത്ത് കേറി ആകാശം നോക്കി "കൂയ് " ന്നു കൂവിവിളിക്കുന്നത്.

ദാ, മഴയും വെയിലും ഒന്നിച്ച വന്നല്ലോ നമുക്കും പോയി നോക്കാം കുറുക്കനെ. വരുന്നില്ലേ?

✷

# കാഴ്ചപ്പുറം

സുരഭിവചന



# ജനങ്ങൾ

## ദിനാചരണം

എല്ലാവരേയും ഉൾക്കൊള്ളലാണ് ജനാധിപത്യമെന്ന് ചുരുക്കിപ്പറയാം. അതായത് ജന
ഭരണകൂടങ്ങൾ ജനാധിപത്യത്തിലധിഷ്ഠിതമായി വർഗീയതയില്ലാതെ ഏകാധിപത്യമില്ലാതെ
ജനാധിപത്യത്തിൽ ഊന്നിയുള്ള ഭരണം.

സെപ്റ്റംബർ 15 അന്താരാഷ്ട്ര ജനാധിപത്യദിനമാണ്. യു.എൻ.ആഹ്വാനപ്രകാരം ലോക

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം ഇന്ത്യയാണ്. ഐക്യരാഷ്ട്രസഭയിലെ 19

ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ ഓർമപ്പെടുത്തിക്കൊണ്ടാണ് ഈ ദിനം എല്ലാവ
ജനാധിപത്യസംവിധാനത്തിന് വെല്ലുവിളികൾ ഉണ്ടോ? യുറീക്കയെ അറിയിക്കൂ. ഒപ്പം ഈ വർ
യെ അറിയിക്കൂ.

## ശരീരശാസ്ത്രം

# വൃക്ക: പേരുണ്ട് ഓരോന്നിനും

റിനൽകോളിക് എന്ന് കേട്ടിട്ടുണ്ടോ? പറയാം. കാൽസ്യം ലവണങ്ങൾ അടിഞ്ഞുകൂടിയാണ് വൃക്കയിൽ കല്ലുകൾ രൂപംകൊള്ളുന്നത്. രാസപരമായി പറയുകയാണെങ്കിൽ ഇത് കാൽസ്യം ഓക്സലേറ്റാണ്. വൃക്കയിലുണ്ടാവുന്ന തകരാറായായതുകൊണ്ടാണ് അതിന് വേദനയുണ്ടാവുന്നത്. ഈ വേദനയ്ക്ക് പറയുന്ന പേരാണ് റിനൽ കോളിക്. വൃക്കരോഗങ്ങളിൽ അപകടം പിടിച്ച ഒന്ന് വൃക്കകൾ പ്രവർത്തിക്കാതിരിക്കുക എന്നാണല്ലോ. പാമ്പ്കടിയേറ്റാലൊക്കെ ഉണ്ടാവുന്ന വിഷബാധ വൃക്കയെ ബാധിക്കും. അത് പ്രവർത്തിക്കാതെയുമാവും. അതിന് പറയുന്ന പേരാണ് യുറീമിയ. വൃക്കകൾക്ക് വീക്കം ഉണ്ടാവുന്നത് മറ്റൊരു അസുഖമാണ്. അപ്പോൾ അതിന് പറയുന്ന പേര് എന്താണെന്നോ? നെഫ്രൈറ്റിസ്. ഇനി അധികം പേരും കേട്ടിരിക്കാനിടയുള്ള ഒരു പേരാണ് ഡയാലിസിസ്. വൃക്ക ഗുരുതരാവസ്ഥയിലെത്തുമ്പോൾ ജീവൻ നിലനിർത്താനായി സ്വീകരിക്കുന്ന ഒരു രക്ഷാനടപടിയാണിത്.



## സമ്മാനച്ചോദ്യം

# വിവരം തരൂ

കിങ്ങ്മാക്കറെൽ എന്ന് കേട്ടിട്ടുണ്ടോ? ഒരുപക്ഷേ, ഈ പേര് കേട്ടിട്ടില്ലെങ്കിലും നിങ്ങൾക്ക് പലർക്കും ഇതിന്റെ കുടുംബക്കാരിൽ ചിലരെ പരിചിതമായിരിക്കും. അപ്പോൾ അന്വേഷിച്ചാലോ?

കണ്ടെത്തിയ വിവരങ്ങൾ വാട്സ്ആപ്പ് ചെയ്യൂ.

## ചുറ്റുപാട്

# ക

കടുവകൾ കടുവകൾ തനെ
മ്പാറ്റകൾ ഉണ്ട്. കേട്ടോളൂ. നാട്ടു
ഇരുണ്ട നീലച്ചിറകിൽ കടുവയുടേ
അങ്ങനെ ആ പേരു വന്നു. നീലക്ക
അവർ തെളിനീലക്കടുവകളാണ് (Glassy
പൊട്ടുകളും. ഇനിയൊരാൾ കരിനീലക്കടുവ
പക്ഷേ, നല്ല തിളക്കമുള്ളതാണ്. ഇനി ഒരു ശ
ഈ പൂമ്പാറ്റയുടെ പേര് വരയൻ കടുവ എന്ന
ങ്ങളിൽ ഏറെ വേഗത്തിൽ പറക്കുന്നവയാണ്
ചന്തമുണ്ടാക്കുന്നു.



# ക്കുവേണ്ടി

തയാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം.
ൽ മതേതരത്വമായി ഒരു രാജ്യത്തെ മുന്നോട്ട് നയിക്കണം. അതാണ്

ംമെങ്ങും ഇത് ആചരിക്കുന്നു.
3 രാജ്യങ്ങളും ജനാധിപത്യഭരണസംവിധാനമാണ് പിന്തുടരുന്നത്.
ർഷവും ആചരിക്കുന്നത്. കൂട്ടുകാരുടെ അഭിപ്രായത്തിൽ നമ്മുടെ
ർഷത്തെ ജനാധിപത്യദിനത്തിന്റെ സന്ദേശവും കണ്ടെത്തി യുറീക്ക




നദി

## കൈവഴിയാണെങ്കിലെന്താ...

വലിയ നദി കൈവഴിയായി ഒഴുകി പല പേരുകളിലും പലയിടങ്ങളിലും എത്തുന്നു. അങ്ങനെയുള്ള ഒരു 'ഭയങ്കരൻ' നദീകൈവഴിയെപ്പറ്റി പറയാം. ബംഗാളിലെ ഫറോക്കയിലൂടെ ഒഴുകി 40 കിലോമീറ്ററുകൾ ഒഴുകിയ ശേഷമാണ് ഗംഗാനദി കൈവഴികളായി പിരിയുന്നത്. ഇതിൽ പത്മ എന്നറിയപ്പെടുന്ന ഒരു കൈവഴി ബംഗ്ലാദേശിലേക്ക് ഒഴുകിയെത്തുന്നു. മറ്റൊന്ന് ഭാഗീരഥി എന്ന പേരിൽ പശ്ചിമബംഗാളിലൂടെ ഒഴുകുന്നു. ബംഗാളിലെ ഹൂഗ്ലീ ജില്ലയിൽ വച്ച് ഭാഗീരഥി പത്മാനദിയുടെ കൈവഴിയായ ജലാങ്ങിയുമായി ഒപ്പംചേരുന്നു. പിന്നെയങ്ങോട്ട് ഈ കൈവഴിയുടെ പേര് ഹൂഗ്ലീനദി എന്നാണ്. കൊൽക്കത്തയിലെത്തുന്ന ഈ ഹൂഗ്ലീനദിക്ക് കുറുകെയാണ് ഇന്ത്യയിലെ മൂന്നു വമ്പൻ പാലങ്ങളായ രബീന്ദ്രസേതുവും (അതായത് പേരുകേട്ട ഹൗറാപാലം) വിദ്യാനഗർ സേതുവും വിവേകാനന്ദസേതുവും.



## ടുവ പൂമ്പാറ്റകൾ

നയല്ലേ. പിന്നെ പൂമ്പാറ്റകളിലും കടുവകളോ? ങ്ഹാ, അങ്ങനെ ചില പൂ
മ്പുറത്തുകാരനായ ഒരു പൂമ്പാറ്റയാണ് നീലക്കടുവ (Blue Tiger). കാഴ്ചയ്ക്ക്,
ത്തുപോലെ വരകളും പൊട്ടുകളുമുണ്ട്. ഇളംനീല നിറത്തിലാണെന്ന് മാത്രം.
ടുവ. നീലക്കടുവകളിൽ വളരെ മെല്ലെ പറക്കുന്ന ഒരു വിഭാഗക്കാരുണ്ട്.
Blue Tiger). തവിട്ടുചിറകുകളിൽ ഇളംനീല കലർന്ന വെള്ള വരകളും
യാണ് (Dark Blue Tiger) ഇവയുടെ ചിറകിലെ വരകൾ നേർത്തതാണ്.
ലഭത്തെക്കൂടി പറഞ്ഞ് കടുവാപൂമ്പാറ്റകളെക്കുറിച്ച് തൽക്കാലം നിർത്താം.
ാണ് (Striped Tiger). വനപ്രദേശത്ത് അധികം കാണാം. കടുവാശലഭ
ിവ. കട്ടികൂടിയ കറുത്തവരകളും മഞ്ഞയും ചുവപ്പും നിറങ്ങളും കാഴ്ചയ്ക്ക് ഏറെ





പുസ്തക പരിചയം

# ഭൂമിയുടെ അവകാശികൾ

**മെസ്സ കെ.വി**
6 ബി , ജി എച്ച് എസ് എസ്, ടാഗോർ വിദ്യാനികേതൻ, തളിപ്പറമ്പ് കണ്ണൂർ

**ബേ**പ്പൂർ സുൽത്താന്റെ, അതായത് വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ ' എന്ന കഥ വായിച്ചു. ആരാണ് ഭൂമിയുടെ അവകാശികൾ? മനുഷ്യൻ മാത്രമല്ല പക്ഷി മൃഗാദികളും വൃക്ഷലതാദികളും ഭൂമിയുടെ അവകാശികളാണെന്ന് കഥയിൽ പറയുന്നു.

കയ്യിലുള്ള പണം മുഴുവൻ കൊടുത്ത് ഒരു തെങ്ങിൻ തോപ്പുവാങ്ങി സുഖമായി ജീവിക്കാൻ ഒരുങ്ങുകയാണ് കഥാനായകൻ. ഈ പറമ്പിൽ മറ്റൊന്നിനും അവകാശമുണ്ടാകില്ല എന്നാണ് അദ്ദേഹത്തിന്റെ ധാരണ. പക്ഷേ, പാമ്പും പഴുതാരയും എലിയും മറ്റനേകം പക്ഷിമൃഗാദികളും ക്ഷുദ്രജീവികളും വീട്ടിലും പറമ്പിലും താമസമാക്കിയിരിക്കുന്നു. ഇവയിൽ പലതും അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ജീവിതത്തിന് ശല്യമാകുന്നുണ്ട്. അവയെ നശിപ്പിക്കാനാണ് ഭാര്യ ആവശ്യപ്പെടുന്നത്. ഈശ്വരസൃഷ്ടിയെ നശിപ്പിക്കരുത് എന്നാണ് കഥാനായകന്റെ പക്ഷം. എന്നാൽ ഒടുവിൽ ഉപദ്രവകാരികളായ ജീവികളെ നശിപ്പിക്കാൻ അദ്ദേഹം ഭാര്യയ്ക്ക് മൗനാനുവാദം നൽകുന്നു. അതിന് ദൈവത്തോട് ക്ഷമ ചോദിക്കുകയും ചെയ്യുന്നു. 500 കൊല്ലം കൊണ്ട് മനുഷ്യൻ ഭൂമിയിലെ ജീവികളെ നശിപ്പിക്കുമെന്നും ഒടുക്കം സ്വയം ചത്തൊടുങ്ങുമെന്നും കഥാകാരൻ സൂചിപ്പിക്കുന്നു.

ബഷീറിന്റെ ആഖ്യാനരീതിയും നർമങ്ങളുമാണ് ഈ കഥയെ നല്ല വായനാ അനുഭവമാക്കി മാറ്റുന്നത്. കശ്മല, സഖാവ് മൂർഖൻ, പഴുതാരയുടെ ദിവ്യവേദന തുടങ്ങിയ നർമപ്രയോഗങ്ങൾ ശ്രദ്ധേയമാണ്. സ്വാർത്ഥ താൽപര്യങ്ങൾക്കായി പ്രകൃതിയെ നശിപ്പിക്കുന്നവർക്കുള്ള ഓർമപ്പെടുത്തലാണ് ഈ കഥ.



ചിത്രീകരണം: **ശിവനന്ദന എസ്,** 5 ാം തരം, ജി.യു.പി.എസ്., വേളമാനൂർ, കൊല്ലം



ചിത്രീകരണം:
**കൃഷ്ണേന്ദു എസ് നായർ,**
4 ാം തരം, ജി.യു.പി.എസ്.
വേളമാനൂർ, കൊല്ലം

# കൊതി

**മുഹമ്മദ് റിംസാൻ**
ഒന്നാം തരം, എ എം എൽ പി സ്കൂൾ,
ഇളന്നുമ്മൽ, ചേലേമ്പ്ര, മലപ്പുറം

**ഞാ**ൻ ഒരു ദിവസം കുറെ ചെമ്പരത്തി കണ്ടു. നഫുത്താത്തയുടെ വീട്ടിലാണ് പൂക്കൾ. ഞാൻ ചെന്നപ്പോൾ ചുറ്റും ഒരു പൂമ്പാറ്റ പറന്നു കളിക്കുന്നു. ഞാനും തേൻ കുടിക്കാൻ ചെന്നു.

പൂ പറിച്ചു. തേനില്ല. എല്ലാ പൂവിലും നോക്കി. ഒന്നിലും തേനില്ല. മുഴുവനും പൂമ്പാറ്റ കുടിച്ചു. എനിക്ക് സങ്കടമായി. ഞാൻ വീട്ടിലേക്ക് മടങ്ങി.

# സ്നേഹം

**ജഗന്നാഥ് ജെ.**
ഏഴാം ക്ലാസ്, ഗവ. ടൗൺ യു.
പി.എസ്, കൊട്ടാരക്കര

**അ**മ്മയുടെ
താരാട്ടിലൊഴുകുന്ന സ്നേഹം...
അമ്മയുടെ സ്നേഹം,
അമ്മയാണ് സ്നേഹം
പൂവിന്റെ തേനിൽ
മധുരിക്കും സ്നേഹം,
പൂവിന്റെ സ്നേഹം,
പൂവാണ് സ്നേഹം
അമ്മയ്ക്കും പൂവിനും
ഒരുപോലെ സ്നേഹം.
ലോകത്തിൻ സ്നേഹം,
ലോകമാണ് സ്നേഹം.



ചിത്രീകരണം: **ആരാധ്യ എസ് അനിൽ,** നാലാംതരം, എസ്.
സി.വി.എച്ച്.എസ്.എസ്. കൊറ്റനാട്, പത്തനംതിട്ട

# എന്റെ പച്ചസൈക്കിൾ



ആശയം, ചിത്രീകരണം: **നീരവ്,** യു കെ ജി,
ജി.എം.എൽ.പി.എസ്., പട്ടാമ്പി, പാലക്കാട്

എന്റെ പച്ച സൈക്കിൾ കണ്ടോ?
ഇപ്പൊ, എന്റെ എല്ലാ കളികളും
സൈക്കിളിന്റെ കൂടെയാണ്.
അകത്തായാലും പുറത്തായാലും
ചങ്ങാതിയായ സൈക്കിൾ
എന്റെ കൂടെ തന്നെയുണ്ടാകും.
ചിത്രം വരക്കുമ്പോൾ, കളിക്കു
മ്പോൾ പഠിക്കുമ്പോൾ എല്ലാം
അരികിൽ തന്നെയുണ്ടാകും.





ഇടയ്ക്കിടെ ചെയിൻ കുടുങ്ങും.
അപ്പോൾ സൈക്കിൾ
കരയും.
കൂടെ ഞാനും കരയും.
അന്നേരം അച്ഛനോ അമ്മ
യോ വന്ന് ചെയിൻ ശരിയാക്കും.
പിന്നെ ഞങ്ങൾ ചിരിച്ചുകൊ
ണ്ട് അകത്തേക്കുടി ഓടി, വളഞ്ഞ്
തിരിഞ്ഞ് കളിക്കും.

# അത്തപ്പൂക്കളം





**വേങ്ങാട് മുകുന്ദൻ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

അത്തപ്പൂക്കളമൊന്നാം പൂക്കള–
മിട്ടു മുറ്റത്തഴകോടെ
ഓണം വരുമൊരു ലഹരിയിലലിയും
അരുമകളാർത്തു രസിക്കുന്നു.

എള്ളിൻ പൂവും തുമ്പപ്പൂവും
കാക്കപ്പൂവുമരിപ്പൂവും
ചാരുത പകരും പൂക്കളമിന്നെൻ
നടുമുറ്റത്തിനലങ്കാരം

മാനമിരുണ്ടു പെരുമഴ പെയ്തു
മുറ്റം മുങ്ങിയ നേരത്ത്
പൂവുകളൊഴുകി ചിതറിയകന്നു
പൂക്കളമയ്യോ പോയല്ലോ !

അത്തം കറുത്തു വന്നാലോണം
വെളുക്കുമെന്നൊരു ചൊല്ലുണ്ട്
അത്തം വെളുത്തുവെന്നാലോണം
കറുക്കുമെന്നും പറയുന്നു !!

# മത്തങ്ങപ്പയറോണ്ടാലോലം



ഡോ . ടി പി കലാധരൻ

ചിത്രീകരണം: രാജീവ് എൻ ടി



ആ ദേശത്ത് ഒരു കുഞ്ഞു പിറന്നു.
ആ കുഞ്ഞിനെ മുത്തശ്ശി താരാട്ടി.
ആ താരാട്ട് നാട്ടിലാകെ പാട്ടായി.
ആ പാട്ടു കേൾക്കാൻ കുട്ടികൾ പോകും.
ആ മുത്തശ്ശി അപ്പോൾ പാടും,

**അമ്മിണി അമ്മിണി അമ്മിണി അമ്മിണി**
**കുമ്മിണി കുമ്മിണി ആരിരാരോ**
**ആലോലം ആലോലം ആലോലം ആലോലം**
**ആലോലം ആലോലം ആരിരാരോ**

ആ പാട്ടു കേട്ട കുഞ്ഞുങ്ങൾ
ആ കുഞ്ഞിനൊരു പേരിട്ടു.



ആ പേര് എന്താവും?
അമ്മിണി കുമ്മിണി
അവൾ വളർന്നു.
പൂക്കൾ പറിച്ചും പൂമ്പാറ്റകളോടൊപ്പം നൃത്തം വെച്ചും
പൂന്തേനുണ്ടും അവൾ വളർന്നു.
രണ്ടു കൂട്ടുകാർ എപ്പോഴും അവളുടെ ഒപ്പം ഉണ്ടാകും.
ആരാണെന്നോ?
വൃത്തിപ്പൂച്ചയും മണാമണൻ പട്ടിയും.
അവർ മൂവരും കളിക്കും.
അപ്പോൾ പാട്ടു പാടും.

**അമ്മിണി കുമ്മിണി ആലോലം**
**മത്തങ്ങപ്പയറോണ്ടാലോലം.**

വൃത്തിപ്പൂച്ച പറഞ്ഞു, നമ്മുക്ക് മത്തങ്ങപ്പയർ നട്ടാലോ?
അവൾ സമ്മതിച്ചു. മണാമണനും സമ്മതം.
മത്തങ്ങപ്പയർ നട്ടു.
ലോകത്ത് എങ്ങുമില്ലാത്ത തരം പയറാ.



പയർ വളർന്നു പടർന്നു പൂവിട്ടു കായിട്ടു.
അവർ സന്തോഷത്തോടെ പാടി.

**അമ്മിണി കുമ്മിണി ആലോലം**
**മത്തങ്ങപ്പയറോണ്ടാലോലം.**

മത്തങ്ങ വലുപ്പമുള്ള വിളഞ്ഞ പയറുമായി
അവർ ചന്തയ്ക്ക് പോയി.
പോകുന്ന വഴിക്ക് ഒരു പുഴ.
നല്ല ഒഴുക്കുണ്ട്.
മൂന്നു പേരും തോണിയിൽ കയറി.
നടുക്ക് മത്തങ്ങപ്പയറും വെച്ചു.
വൃത്തിപ്പൂച്ച തോണി തുഴഞ്ഞു.
പുഴയുടെ നടുക്കെത്തിയപ്പോൾ
പുഴയിൽ ഒരു മീൻ ചാടി.
അതു കാണേണ്ട താമസം
വൃത്തിപ്പൂച്ച പുഴയിലേക്ക് ഒറ്റച്ചാട്ടം. ബ്ലും
തോണി ഉലഞ്ഞു.

മത്തങ്ങപ്പയർ വെള്ളത്തിൽ വീണു. ബ്ലും.
മണാമണൻ പട്ടി പയറുപിടിക്കാൻ ആഞ്ഞു.
അതും വെള്ളത്തിൽ വീണു. ബ്ലും.
അമ്മിണി കുമ്മിണി ഒരു വിധത്തിൽ തോണി
യുമായി കരയിലെത്തി.
കരയിലെത്തിയ അവൾക്ക് കരച്ചിൽ വന്നു.
കൂട്ടുകാരെവിടെ?
അവൾ വിഷമത്തോടെ പാടി.

**അമ്മിണി കുമ്മിണി ആലോലം**
**മത്തങ്ങപ്പയറോണ്ടാലോലം.**

തിരികെപ്പോകാം.
അവൾ സങ്കടത്തോടെ തോണിയിൽ കയറി.
അപ്പോൾ ഒരു നേരിയ ശബ്ദം.
അതാ ഒരാൾ ദേഹത്താകെ ചെളി പിടിച്ച്
നനഞ്ഞുകുതിർന്ന് വരുന്നു.





സൂക്ഷിച്ച നോക്കി.
ങ്യാവൂ.
"ആഹാ വൃത്തിപ്പൂച്ചയോ? വാ വാ."
"നമ്മുടെ മണാമണനെവിടെ?"
"ഞാനിവിടെയുണ്ടേ..."
വെള്ളം കുടിച്ച് പള്ളവീർത്ത് നടക്കാൻ
പോലും വയ്യാതെ
മണാമണൻ വേച്ച വേച്ച വന്നു.
അവർക്കെല്ലാം സന്തോഷമായി.
അവർ ഉല്ലാസത്തോടെ തോണിതുഴഞ്ഞു.
ആ പാട്ട് പാടി വേഗത്തിൽ തുഴഞ്ഞു.

**അമ്മിണി കുമ്മിണി ആലോലം**
**മത്തങ്ങപ്പയറോണ്ടാലോലം.**

ലോകത്തിലെങ്ങുമില്ലാത്ത മത്തങ്ങപ്പയർ
ആർക്കെങ്കിലും കിട്ടിക്കാണുമോ?
വൃത്തിപ്പൂച്ചയും മണാമണനും എല്ലാത്തവണയും
ചന്തയിൽ പോയി നോക്കും.
ഒരിക്കൽപ്പോലും അവർക്കത് കണ്ടെത്താൻ
കഴിഞ്ഞില്ല.
നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടോ?



# മധുരോത്സവം




**സുകേതു**

ചിത്രീകരണം: അരവിന്ദ് വട്ടംകുളം


**പ**ഴത്തെന്നറിഞ്ഞപ്പോൾ കാക്ക വന്നൊരു കൊത്ത്
മണം പരന്നൊഴുകി..
മരംകൊത്തിയാണ് കാക്ക കൊത്തിയ തുളയെ
മനോഹരമായൊരു വഴിയാക്കിയത്; തേൻവഴി
ഇനിയാർക്കും കടന്നുചെല്ലാം,
നേരോം കാലോം നോക്കാതെ.

പറന്നെത്തിയ കിളികൾക്ക് കണക്കില്ല.
പേരറിയാത്ത ചെറു പ്രാണികൾക്ക്
കൈയും കണക്കുമില്ല.
എത്രതരം തുമ്പികൾ.. പൂമ്പാറ്റകൾ..
ഇടവിട്ടിടവിട്ട്...
എല്ലാറ്റിനും അകമ്പടിത്താളം പോലെ
അണ്ണാന്റെ ചിലപ്പ്
ഇരുട്ടുപറ്റിയാൽ കടവാതിലിന്റെ
കൂട്ടവിളയാട്ടം
ഉത്സവം തന്നെ... മധുരോത്സവം..



നോക്കൂ.. ഇവരൊക്കെ
എത്ര സമാധാനത്തോടെയാണ്
മധുരം പങ്കിടുന്നത്.
നമ്മളാണെങ്കിലോ? കൊടുക്ക്വോ
ആർക്കെങ്കിലും
ഒരു ചുളയെങ്കിലും? വെട്ടിവിഴുങ്ങില്ലേ–
ജനലും വാതിലുമെല്ലാമടച്ച്;
മണം പോലും പുറത്തുവിടാതെ!



**പ്രേമജ ഹരീന്ദ്രൻ**

12

ചിത്രീകരണം: റോഷൻ




വീട്ടിലെത്തിയിട്ടും സുപ്പുവിന്റെ മനസ്സിൽ വിൽമ തന്നെയായിരുന്നു. അന്ന് രാത്രി ഉറക്കത്തിൽ, പോളിയോ ബാധിച്ച ഇടതുകാലിന് സ്വാധീനമില്ലാത്ത വിൽമ അവന്റെ സ്വപ്നത്തിൽ വന്നെത്തി. പുലർന്നിട്ടും സുപ്പുവിന് ആകാംക്ഷയായിരുന്നു.

"എന്തായിരിക്കും വിൽമയ്ക്ക് പറ്റിയിട്ടുണ്ടാവുക? എവിടെയെങ്കിലും വീണ് വല്ല അപകടവും പറ്റിയിട്ടുണ്ടാവുമോ?"

സ്കൂളിലെത്തിയ ഉടൻ സുപ്പു വിനയട്ടീച്ചറുടെ മുന്നിൽ ഹാജരായി. ക്ലാസ്സ് തുടങ്ങാൻ ഇനിയും കുറേ സമയമുണ്ട്.

"സീച്ചറേ ബാക്കി കഥ."

"ഓ സുപ്പു മറന്നിട്ടില്ല അല്ലേ? മിടുക്കൻ."

ശരി ബാക്കി പറയാം. എവിടെയാ നമ്മളിന്നലെ നിർത്തിയത്?

"സീച്ചർ, ആ ബാസ്ക്കറ്റ്ബോൾ കളിക്കുന്നിടത്ത്," സുപ്പു ഉത്സാഹത്തോടെ പറഞ്ഞു.

ഓർത്തോപീഡിക് ഷൂസിന്റെയൊന്നും സഹായമില്ലാതെ മുടന്തി മുടന്തി വിൽമ ബാസ്കറ്റ്ബോൾ കളിക്കുന്നു. സന്തോഷം കൊണ്ട് മതിമറന്ന മാതാപിതാക്കൾ വിൽമയെ വാരിപ്പുണർന്നു.

ടീച്ചർ സുപ്പുവിന്റെ കവിളിൽ മെല്ലെ നുള്ളിക്കൊണ്ട് ചോദിച്ചു: "അവൾ നിന്നെപ്പോലെ സങ്കടപ്പെട്ട് തളർന്നിരുന്നോ? ഇല്ലല്ലോ?" സുപ്പു നാണിച്ചു ചിരിച്ചപ്പോൾ ടീച്ചർ തുടർന്നു:

മെല്ലെ മെല്ലെ വിൽമ മറ്റുകുട്ടികളെപ്പോലെ നടക്കാനും ഓടാനും തുടങ്ങി. അവൾ സ്കൂൾ ബാസ്ക്കറ്റ്ബോൾ ടീമിലെ അംഗമായി. യാദൃച്ഛികമായി എഡ് ടെമ്പിൾ എന്ന പരിശീലകൻ വിൽമയുടെ ബാസ്കറ്റ് ബോൾ കളി കാണാനിടയായി.

കളി കഴിഞ്ഞതിന് ശേഷം എഡ് ടെമ്പിൾ കൗതുകത്തോടെ വിൽമയെ അടുത്തു വിളിച്ചു ചോദിച്ചു.

"കുട്ടിക്ക് ആരായിത്തീരാനാണ് ആഗ്രഹം?"

"എനിക്ക് ലോകം മുഴുവനും അറിയപ്പെടുന്ന വ്യക്തിയായിത്തീരണം. ഞാൻ എന്റെ അമ്മയ്ക്ക് വാക്കുകൊടുത്തതാണ്. ഞാൻ അങ്ങനെയാവും."

ആ കണ്ണുകളിലെ നിശ്ചയദാർഢ്യം എഡ് ടെമ്പിളിനെ അത്ഭുതപ്പെടുത്തി.

വിൽമയുടെ ശരീരം ഒരു ഓട്ടക്കാരിക്ക് യോജിച്ചതാണ്. അതിലേക്ക് മാറാമോ എന്ന് അദ്ദേഹം വിൽമയോട് ചോദിച്ചു. വിൽമ അത് സമ്മതിച്ചു.

സുപ്പുവിന്റെ കണ്ണുകളിൽ അത്ഭുതം വിടർന്നു. ടീച്ചർ തുടർന്നു.

വിൽമയ്ക്ക് പിന്നീട് കഠിനാധ്വാനത്തിന്റെ നാളുകളായിരുന്നു. തീവ്രപരിശീലനത്തിന്റെ നാളുകൾ.

1956-ലെ ഒളിമ്പിക്സിൽ, തന്റെ പതിനാറാമത്തെ വയസ്സിൽ വിൽമ അമേരിക്കൻ ടീമിന് വേണ്ടി റിലേയിൽ ഒരു ഓട്ടുമെഡൽ കരസ്ഥമാക്കി. പക്ഷേ, വിൽമയുടെ സ്വപ്നം അതൊന്നുമായിരുന്നില്ല. അവൾ തന്റെ കഠിനാധ്വാനം തുടർന്നുകൊണ്ടേയിരുന്നു.

1960-ൽ വിൽമ ഒളിമ്പിക്സ് യോഗ്യത നേടി. ആദ്യം 100 മീറ്റർ ഫൈനൽ മത്സരമായിരുന്നു. ലോകറെക്കോർഡ് ജേതാക്കളായ മറ്റ് അത്‌ലറ്റുകളെയൊന്നും ഭയപ്പെടാതെ വിൽമ ശരവേഗത്തിൽ കുതിച്ചുപാഞ്ഞു. എല്ലാവരെയും അമ്പരിപ്പിച്ചുകൊണ്ട് പുതിയ ലോകറെക്കോഡോടെ ഒന്നാമതെത്തി. 200 മീറ്ററിലും ഇതേ വിജയം

ആവർത്തിച്ചു.

200 മീറ്റർ മത്സരം കഴിഞ്ഞപ്പോഴേക്കും വിൽമയുടെ കാലിന് വേദന തുടങ്ങിയിരുന്നു. അടുത്തത് 4 x 100 മീറ്റർ റിലേയാണ്. വിഷമമുണ്ടെങ്കിൽ ആളെ മാറ്റാം വിശ്രമിച്ചോളൂ എന്ന് കോച്ച് വിൽമയോട് പറഞ്ഞു. പക്ഷേ, ഞാൻ തന്നെ മത്സരിച്ചോളാം എന്ന് വിൽമ തീർത്തു പറഞ്ഞു.

സുപ്പിവിന് തന്റെ ഹൃദയം ദ്രുതഗതിയിൽ മിടിക്കുന്നതായി തോന്നി. അവന് വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും ടീച്ചറുടെ മുഖത്ത് ഉറ്റുനോക്കിക്കൊണ്ട് ആകാംക്ഷയോടെ ചോദിച്ചു:

"സീച്ചർ എന്നിത്ത്? എന്നിത്തെന്തായി, സീച്ചർ?"

"മത്സരം തുടങ്ങി. മൂന്നാമതായി ഓടിയ വിൽമയുടെ ടീമിലെ അംഗം അൽപ്പം പുറകിലായിപ്പോയി. ബാറ്റൺ കൈമാറുമ്പോൾ അത് കൈയിൽ നിന്നും വഴുതി. പക്ഷേ, അതും പിടിച്ചെടുത്ത് സർവ്വശക്തിയുമെടുത്ത് വിൽമ പറന്നു. ഫിനിഷിംഗ് പോയന്റിൽ ഒന്നാമതെത്തിയപ്പോൾ കാണികൾ മുഴുവൻ എഴുന്നേറ്റ് നിന്ന് കയ്യടിച്ചു.

ആദ്യമായി ട്രാക്ക് ആൻഡ് ഫീൽഡ് മത്സരത്തിൽ മൂന്ന് മെഡലുകൾ ഒരുമിച്ച നേടിയ വനിതയായി മാറി വിൽമ റുഡോൾഫ്. മത്സരത്തിന് ശേഷം വിൽമ പത്രക്കാരോട് പറഞ്ഞു. "എന്റെ ഡോക്ടർമാർ എന്നോട് പറഞ്ഞു എനിക്കൊരിക്കലും നടക്കാൻ കഴിയില്ല എന്ന്. പ ക്ഷേ, എന്റെ അമ്മ പറഞ്ഞു എനിക്ക് ഓടാൻ കഴിയുമെന്ന്. ഞാൻ എന്റെ അമ്മയെ വിശ്വസിച്ചു."

സുപ്പു അത്ഭുതം കൊണ്ട് വിടർന്ന കണ്ണുകളോടെ ടീച്ചറെത്തന്നെ നോക്കിയിരിക്കുകയായിരുന്നു.

"സുപ്പൂ വിൽമയുടെ കാലും ചെറുപ്പത്തിൽ സുപ്പുവിന്റേത് പോലെ തന്നെയായിരുന്നു. എന്നിട്ട് അവരെന്താണ് ചെയ്തത്? സുപ്പൂ, നമ്മളെക്കുറിച്ച് മറ്റുള്ളവർ എന്തു പറയുന്നു എന്നാലോചിച്ച് സമയം പാഴാക്കാരുത്. നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുക. അതാണ് പ്രധാനം."

സുപ്പുവിന്റെ മുഖം മഴക്കാറ് മാറി വെയിൽ പരന്ന ആകാശം പോലെ തെളിഞ്ഞു.

"അപ്പോ എനിക്കും വേണംന്ന് വെച്ചാല് ഓദാൻ കഴിയും അല്ലേ സീച്ചറേ?"

"ഉം പിന്നെന്താ? ശ്രമിച്ചാൽ നടക്കാത്തതായി ഈ ഭൂമിയിൽ യാതൊന്നുമില്ല. പക്ഷേ, ഈ 'സീച്ചറേ,' ന്നുള്ള വിളി ആദ്യം മാറ്റണം."

സുപ്പു നാണിച്ചു ചിരിച്ചു.

"വിളിക്കൂ, സുപ്പൂ," ടീച്ചർ പ്രോത്സാഹിപ്പിച്ചു.

"പറ്റൂല, സീച്ചറേ."

സുപ്പു മടിച്ചു. പിന്നെ മെല്ലെ മെല്ലെ മനസ്സിൽ വിളിച്ചു. ടീച്ചറേയ്... പിന്നെ അത് ഉറക്കെയായി. ടീ...ടീ..ച്ച...റേ... യ്... ഉറക്കെ വിളിച്ചുകൊണ്ട് സുപ്പു ടീച്ചറെ കെട്ടിപ്പിടിച്ചു. ടീച്ചർ അവനെ ചേർത്തുപിടിച്ചു. ടീച്ചറുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു.



(തുടരും)




പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.

# സ്കൂൾ ബാഗ്

**സൈജ എസ്**

ചിത്രീകരണം: രാജീവ് എൻ ടി



ആനക്കുട്ടിക്ക് ഒരു ബാഗ് ഉണ്ടായിരുന്നു;
മറ്റു സ്കൂൾകുട്ടികളെപ്പോലെത്തന്നെ മുതുകത്തു തൂക്കുന്ന
ഒരു സ്കൂൾബാഗ്.



കടുവാത്തല
പതിപ്പിച്ച
ചുവപ്പിൽ മഞ്ഞ
വരകളുള്ള
ഉണ്ടക്കണ്ണുള്ള
ഒരു ബാഗ്.

“ബസ്സിൽ കയറുമ്പോൾ
എല്ലാവരും ബാഗ്
അഴിച്ചുവച്ച്
കയറണം.”
സ്കൂൾ ബസ്സിൽ
നിന്നും പറഞ്ഞു.
ആനക്കുട്ടി ബാഗ്
അഴിച്ചുവച്ചു.
ബസ്സിൽ വച്ച
വലിയ
പൊങ്ങൻ
ബാഗിനു
മേൽ കുറേ
കുട്ടികൾ
കയറി
ഇരുന്നു.



ബസ്സ് സ്കൂളിലെത്തി. ആനക്കുട്ടി ക്ലാസിലുമെത്തി.
നേരം ഉച്ചയായി... വൈകുന്നേരമായി... ദേശീയഗാനം പാടി
ബെല്ല് അടിച്ചപ്പോൾ എല്ലാവരും ഓടി. ആനക്കുട്ടിയെ പുറകിലാക്കി
മറ്റു പല കുട്ടികളും ബസ്സിലേക്ക് കുതിച്ചുകയറി, സീറ്റു പിടിച്ചു.




പാവം ആനക്കുട്ടി
അവസാനം
ഓടിവന്ന് കിതച്ച്
ചാടിക്കയറി.



ബാഗ് അഴിച്ചുവയ്ക്കാൻ
പോലും അവൻ
മറന്നുപോയി.

**ബ്ധോ...**
വലിയ ബാഗ് ബസ്
നിറയെ കവിഞ്ഞുനിന്നു.

കുറേ കുഞ്ഞിക്കുട്ടികൾ
സുഖമായി ബാഗിൽ കയറിക്കൂടി
ചാടിക്കളിച്ചു. ചിലർ കയറി ഇരു
ന്നു. ചിലർ കിടന്നുറങ്ങി. ചിലർ
ഒളിച്ചുകളിച്ചു.

ഇറങ്ങേണ്ട
സ്ഥലമെത്തിയപ്പോൾ
ആനക്കുട്ടി ഇറങ്ങി.
അടിവച്ചടിവച്ച് ബാഗും
കുലുക്കി ആനക്കുട്ടി
വീട്ടിലെത്തി.



അതാ... നാലുമണി പലഹാരം.
രണ്ടുകുല പഴവും ഒരു കുട്ടകം കരിമ്പിൻ ജ്യൂസും.
ബാഗ് ഒറ്റ ഏറ് മേശപ്പുറത്തേക്ക്... എന്നിട്ട്,
ആനക്കുട്ടി കഴിക്കാനായി ഓടി.



അയ്യോ... രക്ഷിക്കണേ... ബാഗിൽനിന്നും കൂട്ടനിലവിളി.
ആനക്കുട്ടിയുടെ അമ്മ ബാഗ് തുറന്നു. അതാ കുട്ടികളോരോന്നായി
പുറത്തേക്ക് വരുന്നു. എല്ലാവരുടെയും മുതുകത്ത് ബാഗുമുണ്ട്.

ഒരു എലിക്കുട്ടി, ഒരു അണ്ണാൻകുട്ടി,
ഒരു കോഴിക്കുട്ടി, ഒരു ഓന്തു കുട്ടി,
ഒരു തവളക്കുട്ടി...
അയ്യോ... ഇനി എന്തുചെയ്യും?
അമ്മ ആന ആർത്തുവിളിച്ചു.



ആനക്കുട്ടിക്ക് ഒരു കുഴപ്പവുമില്ല. "ഇന്നാപഴം" അവൻ കൂട്ടുകാർക്ക് പഴം വച്ചുനീട്ടി. അണ്ണാൻകുട്ടി അത് കണ്ട് ഓടി.



കോഴിക്കുട്ടി കൊക്ക് വിടർത്തി. എലിക്കുട്ടി നുണച്ചിറക്കി. ഓന്തുകുട്ടിയും തവളക്കുട്ടിയും അത് കണ്ട് കരച്ചിലായി.

അങ്ങനെ രാത്രിയായി അച്ഛനാന വന്നു. ആകാശത്ത് അമ്പിളിമാമനും ചിരിച്ചുനിന്നു. അപ്പോൾ എല്ലാവരും കൂട്ടനിലവിളിയായിരുന്നു. "ഞങ്ങ ൾക്ക് അമ്മയേയും അച്ഛനേയും കാണണം..."
എന്തുചെയ്യും? അമ്മയാന തുമ്പികുലുക്കി.
അച്ഛനാനയും കുലുക്കി, തുമ്പിക്കൈ. ആനക്കുട്ടി മാത്രം ടി.വി. നോക്കി 'ബുജി ബുജീന്ന്...' വിളിച്ചുപറഞ്ഞു.



പാതിരാത്രിയായി.
തണുപ്പ് വരാൻ തുടങ്ങി.
അപ്പോഴതാ... ആരോ
വാതിലിൽ മുട്ടുന്നു. കരഞ്ഞ
ചിലരൊക്കെ ഉറങ്ങാൻ
തുടങ്ങിയിരുന്നു... അച്ഛനാനയും
അമ്മയാനയും വാതിൽതുറന്നു.
അപ്പോഴതാ, എലിയും അണ്ണാനും
തവളയും കോഴിയും ഓന്തുമെ
ല്ലാം വാതിൽക്കൽ വന്നു നി
ൽക്കുകയാണ്.



"ഞങ്ങളെ ഒന്നും ചെയ്യല്ലേ... മോൻ ഇവരെ തട്ടിക്കൊണ്ടുവന്നതല്ല."
അച്ഛനാനയും അമ്മയാനയും പറഞ്ഞു. "ഞങ്ങൾക്കറിയാം."
വന്നവർ പറഞ്ഞു. "ഇനി മോനെ ഒറ്റയ്ക്കൊരു സ്കൂൾ വണ്ടിയിൽ
വിട്ടാൽമതി. അല്ലെങ്കിൽ, അവന്റെ ബാഗ് വേറെ വണ്ടിയിൽ
കൊടുത്തുവിടണം." അവർ പറഞ്ഞു.

അച്ഛന്മാരെയും അമ്മമാരെയും
കണ്ടപ്പോൾ, ബാഗിൽ പെട്ടുപോയ
കുട്ടികൾക്കൊന്നും അവരുടെ കൂടെ
പോവണ്ട. എല്ലാവരും ചിരിക്കാൻ
തുടങ്ങി. ഞങ്ങൾക്കിന്ന്
ആനക്കുട്ടിക്കൊപ്പം ഇവിടെ
കൂടണം. കളിക്കണം.
പറഞ്ഞുതീർന്നില്ല, അതിനു
മുമ്പെ കളിയായി, ചിരിയായി,
ഓട്ടവും ചാട്ടവുമായി. എല്ലാ അച്ഛന
മ്മമാരും അത് നോക്കിയിരുന്നു.



"ഇന്ന് ഇനി പോണ്ട." അവരെല്ലാം പറഞ്ഞു.
പിന്നെ ഉള്ള സ്ഥലത്തിരുന്നു. കളി കണ്ട അച്ഛനാനയും അമ്മയാനയും
വിരുന്നുകാർക്കെല്ലാം പായസമുണ്ടാക്കാൻ അടുക്കളയിലേക്കോടി.
കുട്ടിയാന പാട്ടുപാടി. ഓന്തുകുട്ടിയും കോഴിക്കുട്ടിയും നൃത്തമാടി.
എലിക്കുട്ടിയും തവളക്കുട്ടിയും അണ്ണാൻകുട്ടിയും താളംപിടിച്ചു.

# യു-മെയിൽ



കത്തുകൾ
അയയ്ക്കേണ്ട വിലാസം :
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

9497172919

## നരിയും പൂച്ചയും

2020 ജൂലൈ 1 ലക്കം യുറീക്കയിലെ 'മ്യാവൂ പള്ളിക്കൂടങ്ങൾ' (പി.കെ.സുധി) വായിച്ചു. ഇതു വായിച്ചപ്പോൾ നമ്മുടെ വി.കെ.എൻ തന്റെ 'അധികാരം' എന്ന നോവലിൽ എഴുതിയ ഒരു കാര്യം ഓർമവന്നു. 'നരിയെ തലോടാനുള്ള മനുഷ്യന്റെ മോഹഭംഗം തീർക്കാനാണ് പടച്ചോൻ പൂച്ചയെ പുറത്തിറക്കിയത് എന്നൊരു പാരഡ്രീസ് ചൊല്ലുണ്ട്.' വി.കെ.എൻ. എഴുതിയതിനു സമാനമായ ഒരു ഉദ്ധരണി കണ്ടിട്ടുണ്ട്. "God made the cat to give man the pleasure of stroking a tiger." ഫ്രാങ്കോയിസ് ജോസഫ് മേരി (Francois Joseph Mery) യുടേതാണ് ഈ ഉദ്ധരണി.

നമ്മുടെ പൂച്ച ഇമ്മിണി ചെറിയ നരിയാണെന്നു ചുരുക്കം.

**ടി.ഐ.ലാലു,** തലക്കോട്ടൂർ വീട്, പഴമുക്ക്, മുണ്ടൂർ, തൃശ്ശൂർ-680541

## ഒരു പുസ്തകത്തെപ്പറ്റി

ഞാൻ ഏരോൺ. ഏഴാം ക്ലാസിലാണ് പഠിക്കുന്നത്. നന്നായി പുസ്തകം വായിക്കും. പുസ്തകങ്ങൾ എനിക്ക് വളരെ ഇഷ്ടമാണ്. അതുകൊണ്ട് യുറീക്കയിൽ എല്ലാ ലക്കത്തിലും ഒരു പുസ്തകത്തെ പരിചയപ്പെടുത്തുന്ന ഒരു പംക്തി ആരംഭിക്കാമോ യുറീക്ക മാമാ? അല്ലെങ്കിൽ ഒരാൾ വായിച്ച പുസ്തകത്തെപ്പറ്റി ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ മത്സരമായാലും മതി മാമാ!

**ഏരോൺ പി ആൽവിൻ,** പുതുകാട്ടുകാരൻ ഹൗസ്, ഇഞ്ചമുടി പി.ഒ. തൃശ്ശൂർ – 680564

## ജാഗ്രത

ഞങ്ങളുടെ വീടിന്റെ പുറകിലെ വയൽ കഴിഞ്ഞ ദിവസം ട്രാക്റ്റർ ഉപയോഗിച്ച് ഉഴുതു. കുറേവർഷമായി കൃഷിചെയ്യാതെ കിടന്ന ഇവിടെ കൃഷി തുടങ്ങുന്നു എന്നറിഞ്ഞപ്പോൾ എനിക്ക് അതിയായ സന്തോഷം തോന്നി. ഉഴുത നിലത്തിൽ മഴവെള്ളം നിറഞ്ഞുനിൽക്കുന്നത് എന്തു സുന്ദരമായ കാഴ്ചയാണെന്നോ. കോവിഡ്കാലത്ത് ഇതെല്ലാം കണ്ടുനിൽക്കുന്നതാണ് ഒരു സന്തോഷം. മറ്റൊന്നുകൂടിയുണ്ട്. ചിങ്ങം ഒന്നിന് എന്റെ പിറന്നാളാണ്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഇത്തവണ പിറന്നാൾകേക്ക് ഞങ്ങൾ വീട്ടിലുണ്ടാക്കും. പിറന്നാളല്ലല്ലോ ആരോഗ്യമാണല്ലോ പ്രധാനം. ഞങ്ങൾ വളരെ ജാഗ്രതയോടെ തന്നെയാണ് ഇരിക്കുന്നത്.

**ദുർഗ എസ്.ദിനേശ്,** എൻ.എസ്.എം.ജി.എച്ച്.എസ്.കൊട്ടിയം, കൊല്ലം.



# ചെടികളും പൂക്കളുമെന്റെ കൂട്ടുകാർ

എന്റെ വീട് ഒരു വയലിന്റെ കരയിലാണ്. അവിടൊരു തോടുണ്ട്. ചെറിയ ഒരു കുളവും. പേരറിയാത്ത ഒരുപാട് ചെടികളും പൂക്കളും. ഞാൻ അവിടെപ്പോയി കളിക്കാറുണ്ട്. ഇപ്പോൾ നീണ്ട അവധിയായതുകൊണ്ട് വീട്ടുകാരുടെ സഹായത്തോടെ എല്ലാം മനസ്സിലാക്കിവരുന്നു. ഇപ്പോൾ വീടിനടുത്ത ഒട്ടുമിക്ക ചെടികളും എനിക്ക് പരിചിതമാണ്. എനിക്കതിൽ ഒരുപാട് സന്തോഷമുണ്ട്. സ്കൂളിലേക്ക് പോവുമ്പോഴും ഞാൻ ഇങ്ങനെയൊക്കെയായിരുന്നു. വലിയ വയൽവരമ്പ് കടന്നുവേണം പോവാൻ. അപ്പോൾ തോട്ടിലെ മീനിനോടും വയലിലെ കൊക്കുകളോടും സംസാരിച്ചാണ് യാത്ര.

**കൃഷ്ണേന്ദു എസ്.നായർ,** മണിമന്ദിരം, വേളമാനൂർ പി.ഒ., കൊല്ലം.



# തിടുക്കമായി

നന്നായി പുറത്തിറങ്ങിയിട്ട് എത്രനാളായി. എല്ലാവരും വീട്ടിലിരുന്നു മടുത്തുകാണും. ഇവിടെ കണ്ടെയ്ൻമെന്റ് സോണായിരുന്നു. പത്രത്തിലെല്ലാം വന്നു. ഇങ്ങനെപോയാൽ സ്കൂൾ എപ്പോൾ തുറക്കും? അതല്ല, കഴിഞ്ഞ വർഷം സ്കൂളിലെ പച്ചക്കറിത്തോട്ടത്തിൽ നട്ട മരച്ചീനിയെല്ലാം പാകമായിക്കാണില്ലേ! കൊറോണ വന്നില്ലായിരുന്നെങ്കിൽ നമുക്കത് ഒരു ദിവസത്തെ ഉച്ചഭക്ഷണത്തിനുപയോഗിക്കാമായിരുന്നു. സ്കൂളിലെ പൂന്തോട്ടവും റോസാപ്പൂകൊണ്ട് നിറഞ്ഞിരിക്കും! എനിക്ക് സ്കൂളിലെത്താൻ തിടുക്കമായി.

**കല്യാണികൃഷ്ണ,** മറ്റിച്ചേഴ്ത്ത്, നെറ്റിയാട്, പന്മന, ഇടപ്പള്ളിക്കോട്ട, ചവറ–691583

# കുഴിച്ചിട്ടും കുഴിച്ചിട്ടും കിട്ടിയില്ല

അർഷിയ, ഞാൻ ആലിയയാണ്. നീ ബ്രഷിനെക്കുറിച്ച് യുറീക്കയിലെഴുതിയത് (ലക്കം ജൂലൈ 16) വായിച്ചപ്പോൾ ഞാനും എന്റെ വീട്ടിലെ പറമ്പ് കുഴിക്കാൻ കുഞ്ഞു മൺവെട്ടിയുമായി ഇറങ്ങി. പറമ്പ് മൊത്തം കിളച്ചു. പിന്നീടാണ് ഞാൻ അറിയുന്നത് ഞാൻ ആദ്യമായി പല്ലുതേച്ച ബ്രഷ് എന്റെ വീട്ടിലല്ല ഉപേക്ഷിച്ചതെന്ന്. ഞാനന്ന് വേറെ വീട്ടിലായിരുന്ന താമസം. കൂട്ടുകാരീ നിന്റെ ബ്രഷിനെക്കുറിച്ചുള്ള അനുഭവം ഒരുപാട് നന്നായിരുന്നു.

**ആലിയ ഫാത്തിമ,** അഞ്ചൽ, കൊല്ലം.

# ഞങ്ങളുമുണ്ട് കൂടെ

മഴയുടെ സംഗീതം ആസ്വദിച്ചാണ് ഞാൻ എഴുതുന്നത്. പരിഷ്ക്കാരങ്ങളും ബഹളങ്ങളുമൊന്നുമില്ലാത്ത ഒരു തനി നാട്ടിൻപുറത്തു നിന്നാണ് ഞാൻ എഴുതുന്നത്. എനിക്ക് പൂക്കളെയും ചെടികളെയുമൊക്കെ ഒത്തിരി ഇഷ്ടമാണ്. എന്റെ വീട്ടിൽ ഇവ ഒത്തിരിയുണ്ട്. അച്ഛൻ അധ്യാപകനാണെങ്കിലും കൃഷിയോട് വലിയ താൽപ്പര്യമാണ്. ജോലിക്ക് പോകാത്ത സമയങ്ങളിൽ അച്ഛൻ മുഴുവൻ സമയവും വയലിൽപോയി ജോലിചെയ്യും. സ്കൂൾ തിരക്കുകൾക്കിടയിലും കൃഷിക്കായി സമയം കണ്ടെത്തുന്ന അച്ഛൻ എന്റെ അഭിമാനമാണ്. കൃഷിക്ക് ഒട്ടേറെ പ്രാധാന്യം വേണമെന്ന് പറയുന്ന ഈ സമയത്ത് ഞാനും ചേട്ടനും ഞങ്ങളെക്കൊണ്ട് ആവുംപോലെ സഹായിക്കാറുണ്ട്.

**ശ്രീലക്ഷ്മി ആർ,** സുരേഷ്ഭവൻ, കോട്ടവനം പി.ഒ., കൊല്ലം.

# പണ്ടാരാണ്ട് പറഞ്ഞിരുന്നു



## വിമീഷ് മണിയൂർ

ചിത്രീകരണം: അനിൽ തമ്പായ്



പണ്ടാരാണ്ട് പറഞ്ഞിരുന്നു
പണ്ടില്ലാത്തോരും പറയുന്നുണ്ട്
പണ്ടാരക്കാലൻ കരിങ്കോഴി
കൊക്കിക്കൊണ്ടങ്ങനെ പോകുന്നുണ്ട്.

ചിക്കിച്ചികഞ്ഞ് നടന്നവനോ
വിത്ത് മുറിച്ച് പുറത്താക്കും
പിന്നെ നടീലും നടക്കില്ല
ചീരമുളച്ചങ്ങ് പൊന്തുല

പണ്ടാരാണ്ട് പറഞ്ഞിരുന്നു
പണ്ടില്ലാത്തോരും പറയുന്നുണ്ട്
പണ്ടാരക്കാലൻ കരിങ്കോഴി
കൊക്കിക്കൊണ്ടങ്ങനെ പോകുന്നുണ്ട്



വിത്തിട്ട വെണ്ട വഴുതിനങ്ങ
ചുണ്ടങ്ങ നീളം പടവലങ്ങ
പൊട്ടി പരക്കുന്ന പൊട്ടിക്ക
കൊക്കിക്കുരച്ച് പുറത്താക്കും

പണ്ടാരാണ്ട് പറഞ്ഞിരുന്നു
പണ്ടില്ലാത്തോരും പറയുന്നുണ്ട്
പണ്ടാരക്കാലൻ കരിങ്കോഴി
കൊക്കിക്കൊണ്ടങ്ങനെ പോകുന്നുണ്ട്

Volume 42 No. 6, 7 Eureka 2020 August 16 – September 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.





എന്നുമെൻ മുറ്റ-
മലങ്കരിച്ചീടുന്ന
കുഞ്ഞു പൂവുകൾ –
ക്കൊക്കെ നന്ദി

അവകളിൽ
അന്നവും തേടി
പറക്കുന്ന സുന്ദരീ
സുന്ദരന്മാരാം ശലഭ
ലോകത്തിനും നന്ദി

എന്നുമീ മണ്ണിനെ
ഉർവരമാക്കുന്ന
എണ്ണമില്ലാത്ത
ജലകണങ്ങൾക്കും
നന്ദി... നന്ദി!

ചിത്രവും വരിയും :
വിശ്വൻ – 9207 008 943








Date of Publication : 25/8/2020 EUREKA Price : ₹ 17.00
ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78




ജനമിത്രം സ്വർണ്ണപ്പണയ വായ്പ

കെ.എസ്.എഫ്.ഇ യുടെ 'ജീവനം കോവിഡ് കാല സൗഹൃദ പാക്കേജിലെ' നൂതന സംരംഭം

10 ലക്ഷം രൂപ വരെ
ഒരാൾക്ക് ഒരു ദിവസം

5.7 ശതമാനം വാർഷിക പലിശ നിരക്ക്
തത്തുല്യ തവണകളായി
12 മാസത്തിനുള്ളിൽ തിരിച്ചടക്കാം

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

കെ എസ് എഫ് ഇ – എക്കാലവും കേരളീയർക്കൊപ്പം
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232 , mail: mail@ksfe.com

grafcreative.in